കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വിളക്കുടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി 9/1916/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –12/12/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വിളക്കുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിളക്കുടി ഗ്രാമപഞ്ചായത്ത് 2016–2017 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം3-ലെ 3-4, 3-5, 3-12 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്തഖണ്ഡികകളുടെ പകർപ്പുസഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ്

പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-9/1916/2017 തീയതി:12/12/2017

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 9-11-2016 മുതൽ 30-09-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾമാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി. ബിനുകുമാർ | ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 9-10-2017 മുതൽ<br>21-10-2017വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ജി.സിന്ധു | ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്) |

| | | |
|---|---|---|
| | ശ്രീമതി.അമ്പിളി. ജി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.വിഷ്ണുപ്രിയ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| പ്രസിഡന്റ് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. വിജയകുമാർ എസ്: | 01-04-2016മുതൽ 27-11-2016 വരെ |
| | ശ്രീ.റ്റി.എൻ ഭദ്രൻ | 28-11-2016 മുതൽ 31-03-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വെറ്റിനറി സർജൻ | ഡോ.ഉഷാ.കെ.ഷാനി | 01-04-2016മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി . അനീസാ | 01-04-2016മുതൽ 31-03-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.രാജൻ.റ്റി | 01-04-2016മുതൽ 31-03-2017 വരെ |
| വി.ഇ.ഒ I | ശ്രീ.കിഷോർ | 01-04-2016മുതൽ 27-11-2016 വരെ |
| | ശ്രീമതി.മനുജ | 28-11-2016മുതൽ 31-3-2017 വരെ |
| വി.ഇ.ഒ II | ശ്രീ.വി. സുരേഷ് കുമാർ | 01-04-2016മുതൽ 31-03-2017 വരെ |
| എ.ഇ. | ശ്രീമതി.സുജിതാ രവി | 01-04-2016മുതൽ 11-07-2016 വരെ |
| | ശ്രീ.ജയകുമാർ .വി | 12-07-2016മുതൽ 16-12-2016 വരെ |
| | ശ്രീ.രാജേഷ്. ബി.കെ | 17-12-2016മുതൽ 5-2-2017 |

| | | |
|---|---|---|
| | | വരെ |
| | ശ്രീ.രാജേന്ദ്രകുമാർ | 6-2-2017മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ബിനാകുമാരി | 01-04-2016മുതൽ 31-03-2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.മറിയാമ്മ ഡാനിയൽ | 01-04-2016മുതൽ 31-3-17 വരെ |
| എച്ച്. എം. | ശ്രീമതി. ശിവാത്മജി | 01-04-2016മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ. അരുൺ രവി | 01-04-2016മുതൽ 11-04-2016 വരെ |
| | ഡോ.റാണാ.ബി.മോദി | 12-04-2016മുതൽ 25-05-2016 വരെ |
| | ഡോ.സുമി | 26-05-2016മുതൽ 3-3-17 വരെ |
| | ഡോ.റാണാ.ബി.മോദി | 3-3-17 മുതൽ 31.3.17 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തികവിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തനതുവരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | അഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | രസീതുപരിശോധനയിലെ അപാകതകൾ | 2-1 |
| 13 | തൊഴിൽനികുതി -അപാകതകൾ | 2-2 |
| 14 | കെട്ടിടവാടക-അപാകതകൾ | 2-3 |
| 15 | ഡി.ഡി. ആയി വരുന്ന രസീതുതുകകൾ വരവിലെടുക്കുന്നില്ല | 2-4 |
| 16 | ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമായില്ല | 2-5 |
| | ഭാഗം 3 | |
| 15 | ഫണ്ടുകളുടെ വിനിയോഗത്തിൽ ഗുരുതരവീഴ്ച– ₹.1,13,39,138/-ഗ്രാമപഞ്ചായത്തിന് നഷ്ടമായി. | 3-1 |
| 16 | ചെലവുചെയ്യാത്ത തുകകൾ ചെലവായി കാണിച്ച് അക്കൌണ്ട് ചെയ്തു- പദ്ധതിവിഹിതം, മെയിന്റനൻസ് ഗ്രാന്റ് ചെലവുകണക്കുകളിൽ പൊരുത്തക്കേട് | 3-2 |
| 17 | തെരുവുവിളക്ക് മെയിന്റനൻസ്-ഉപകരണങ്ങൾ വാങ്ങൽ അധികംതുക നൽകി | 3-3 |
| 18 | ആശ്രയ പദ്ധതിയ്ക്കായി തുക പിൻവലിച്ച് അക്കൌണ്ടിൽ സൂക്ഷിക്കുന്നു. | 3-4 |
| 19 | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ -തുക മുൻകൂർപിൻവലിച്ച് അക്കൌണ്ടിൽ സൂക്ഷിക്കുന്നു | 3-5 |
| 20 | കമ്പ്യൂട്ടറിന് എ.എം.സി. ലഭ്യമാക്കൽ- തുക അധികം നൽകി | 3-6 |

| | | |
|---|---|---|
| 21 | ക്വോട്ട് ചെയ്തതിനെക്കാൾ കൂടിയ നിരക്കിൽ സാധനം വാങ്ങി | 3-7 |
| 22 | പ്ലാൻ ഫണ്ട് -തനതുഫണ്ടിലേക്ക് ഒടുക്കിയ തുകകൾ തിരിച്ചടച്ചില്ല | 3-8 |
| 23 | ഇ. എം. എസ് ലോൺ കരാർ നിലനിൽക്കെ വസ്തു കൈമാറ്റം ചെയ്തയാൾക്ക് തടസ്സരഹിതസാക്ഷ്യപത്രം നൽകി | 3-9 |
| 24 | കയറ്റിറക്കുകൂലി തുക അധികം നൽകി -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരികെ ഒടുക്കി | 3-10 |
| 25 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ , ഹൈസ്പീഡ് സ്കാനർ വാങ്ങൽ-റീ ടെണ്ടറിലെ അപാകതകൾ | 3-11 |
| 26 | അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകാൻ തുക പിൻവലിച്ചു | 3-12 |
| 27 | ഡിസ്പോസിബിൾ വോവൻ ബാഗ് നിർമ്മാണം-പരിശീലനം പ്ലാൻഫണ്ടിൽനിന്നും അധികം തുക ചെലവഴിച്ചു. | 3-13 |
| 28 | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങി നൽകൽ-നടപടികൾ ക്രമപ്രകാരമല്ല | 3-14 |
| 29 | സൈക്കിൾ വാങ്ങൽ-നടപടിക്രമങ്ങളിലെ അപാകതകൾ | 3-15 |
| 30 | നിക്ഷേപപ്രവൃത്തി -പണി പൂർത്തിയാക്കിയില്ല. | 3-16 |
| 31 | എസ്.സി.നഴ്സറി സ്കൂളിന് ഫർണിച്ചർ -ടെണ്ടർ അംഗീകരിക്കാത്ത സാധനങ്ങൾ വാങ്ങി | 3-17 |
| 32 | ഒരേ സ്ഥാപനത്തിന് ഒരേ സാധനത്തിന് രണ്ടു വില | 3-18 |
| 33 | ഗുണഭോക്തൃസമിതികൾ വഴി നിർവ്വഹണം നടത്തുന്ന മരാമത്തു പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 3-19 |
| 34 | ഐ.എ.വൈ.ധനസഹായം രേഖകൾ ലഭ്യമാക്കിയിട്ടില്ല | 3-20 |
| 35 | പട്ടികജാതി യുവതികൾക്ക് വിവാഹധനസഹായം-രേഖകൾ ഹാജരാക്കിയില്ല. | 3-21 |

| | | |
|---|---|---|
| 36 | താന്നിത്തടം ആഫീസ് റോഡ്- വാർഡ് X1-2014-15 വർഷം ആരിഭിച്ച പ്രവൃത്തി പൂർത്തീകരിച്ചത് 2016-17- ൽ | 3-22 |
| 37 | മരുന്നു ലഭ്യമായിട്ടില്ല | 3-23 |
| 38 | ഒ.ഡി.എഫ് കക്കൂസ് നിർമ്മാണം-ചെലവു രേഖകൾ ലഭ്യമാക്കിയില്ല | 3-24 |
| 39 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 3-25 |
| 40 | സെർവർ കമ്പ്യൂട്ടറിനായി അധിക തുക നൽകൽ-ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല | 3-26 |
| 41 | തെരുവുവിളക്ക് മെയിന്റനൻസ്-ഉപകരണങ്ങൾ വാങ്ങൽ-അടാട്ട് മോഡൽ ചെലവുവിവരങ്ങൾ ലഭ്യമാക്കിയില്ല | 3-27 |
| 42 | പട്ടികജാതിയിൽപ്പെട്ട പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ധനസഹായം-പഠനരേഖകൾ ഹാജരാക്കിയിട്ടില്ല | 3-28 |
| 43 | കൈപ്പറ്റ് വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല. | 3-29 |
| 44 | ശിങ്കാരിമേളം പരിശീലനം -ചെലവ് നടത്താൻഫണ്ടില്ലാതെ പോയി | 3-30 |
| 45 | തെരുവുവിളക്ക് -സംയുക്തപരിശോധന നടത്തിയിട്ടില്ല | 3-31 |
| 46 | കിണർനിർമ്മാണം-ആദ്യഗഡു കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കിയില്ല | 3-32 |
| 47 | പഞ്ചായത്തിലെ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച സംയുക്തപരിശോധന നടത്തിയിട്ടില്ല | 3-33 |
| | ഭാഗം-4 | |
| 48 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 49 | ഡിപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 51 | വായ്പ,വായ്പാതിരിച്ചടവ് | 4-4 |
| 52 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 53 | ഓഡിറ്റ് റിക്കവറി | 4-6 |
| 54 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 55 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 56 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 57 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 10-3-2016 തിയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷികധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2017 | 30-6-2017 | ഇല്ല | ഇല്ല |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 18.10.2017 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

അപാകതകൾ

1)പദ്ധതിവിഹിതം (ജനറൽ) വരവ് തുക 1,61,67,341 രൂപ മാത്രമാണ്. വാർഷിക ധനകാര്യപത്രികയിൽ 1,62,19,841 രൂപയായാണ് കാണിച്ചിട്ടുള്ളത്.

2)മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വരവ് 62,47,907 തുക രൂപ മാത്രമാണ്. വാർഷികധനകാര്യപത്രികയിൽ 62,18,271രൂപയായാണ് കാണിച്ചിട്ടുള്ളത്.

3)മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്) വരവ് തുക 39,80,508 രൂപ മാത്രമാണ്. വാർഷികധനകാര്യപത്രികയിൽ 39,90,434 രൂപയായാണ് കാണിച്ചിട്ടുള്ളത്.

4)ലോകബാങ്ക് ധനസഹായം വരവ് 8,37,499 രൂപ മാത്രമാണ്. വാർഷികധനകാര്യപത്രികയിൽ 8,64,121രൂപയായാണ് കാണിച്ചിട്ടുള്ളത്.

5) കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് തുക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

6)റ്റി.എസ്.സി അക്കൌണ്ടിന്റെ പലിശവരവ് 1,250/- കണക്കാക്കിയിട്ടില്ല.

7)എസ്.ബി.റ്റി(തനത്ഫണ്ട്) ലെ നീക്കിയിരിപ്പ് തുക 12,962/-രൂപയാണ്. ആയത് 13,138/-എന്ന് തെറ്റായി കണക്കാക്കിയിരിക്കുന്നു.

8)കെട്ടിടനികുതി ഡിമാന്റ്,കളക്ഷൻ ബാലൻസ് തുകകൾ രേഖകളുമായി പൊരുത്തപ്പെടുന്നില്ല

9)വിവിധയിനം നിക്ഷേപം-വരവ്,ചെലവ്,നീക്കിയിരിപ്പുതുകകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. നിക്ഷേപമിനത്തിൽ വരവുവരുന്ന തുകകൾ സാംഖ്യ രസീതുപ്രകാരം വരവായി അക്കൌണ്ട് ചെയ്യുന്നില്ല.

10)ബാലൻസ് ഷീറ്റ് ബി-9ഷെഡ്യൂളിൽ നീക്കിയിരിപ്പുള്ള എസ്.എൽ.ഐ, ജിഐ.എസ് തുകകൾ രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

11)ബാലൻസ് ഷീറ്റ് ബി-18ഷെഡ്യൂളിൽ ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപമായി കാണിച്ചിട്ടുള്ള 7,19,217രൂപയുടെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല.

12)പല അക്കൌണ്ടുകളുടേയും പലിശ വരവ് Rp9-171100101 എന്ന ഹെഡിലല്ല അക്കൌണ്ട് ചെയതിട്ടുള്ളത്.

13)വാടക, ലേലം എന്നീ ഇനങ്ങളിലുള്ള വരവുകൾ യഥാർത്ഥ ഹെഡിലല്ല വരവായി അക്കൌണ്ട് ചെയ്തിട്ടുള്ളത്.

14)ലൈസൻസ്, തൊഴിൽനികുതി ഇനങ്ങളിൽ വരവുവന്ന തുകയുടെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല.

15)ജനകീയ പാർപ്പിടപദ്ധതി അക്കൌണ്ടിൽ നീക്കിയിരിപ്പുള്ള തുക തിരികെ അടവാക്കാതെ നിലനിർത്തിയിരിക്കുന്നു.

## 1-4 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,24,29,435 |
| വരവ് | 6,71,55,148 |
| ആകെ | 8,95,84,583 |
| ചെലവ് | 5,79,61,187 |
| നീക്കിയിരിപ്പ് | 3,16,23,396 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16167341 | 16167341 | 16167341 | - | 100 |
| വികസനഫണ്ട് എസ്.സി.പി. | 0 | 6415299 | 6415299 | 6415299 | - | 100 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 22400 | 22400 | 22400 | - | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 6247907 | 6247907 | 6247907 | - | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3980508 | 3980508 | 3980508 | - | 100 |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5725400 | 5725400 | 5725400 | - | 100 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 837499 | 837499 | 837499 | - | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 12 | 1443576 | 1443588 | 1398557 | - | 100 |
| ബി ഫണ്ട് | 0 | 37813900 | 37813900 | 37813900 | - | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 300 | 9,57,62,729 | 167 | 4,36,75,185 | 0 | 133 | 55.66% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനതുവരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതുവരുമാനത്തിൽ താഴെപ്പറയും പ്രകാരം 45.5 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3279976 | 7096176 | (-)3816200 | |
| നികുതിയേതര വരവുകൾ | 434601 | 1312993 | (-)878392 | |
| മറ്റുവരവുകൾ | 32048985 | 11074741 | 20974244 | |
| ആകെ | 35763562 | 19483910 | (-)16279652 | (-)45.5 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 4,72,200 | 266 |
| കർഷകതൊഴിലാളി പെൻഷൻ | 31,09,150 | 348 |
| വിധവാപെൻഷൻ | 1,45,65,670 | 1,405 |
| വാർദ്ധക്യകാലപെൻഷൻ | 1,57,23,990 | 1,679 |
| വികലാംഗപെൻഷൻ | 36,57,230 | 371 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പുപ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9-10-2017-ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 44,703/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററും രേഖകളും സൂക്ഷിക്കുന്നതിൽ തികഞ്ഞ അനാസ്ഥയാണ് ഉണ്ടായിട്ടുള്ളത്. സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായപ്രകാരം ചെക്ക്/ഡി.ഡിയായി വിവിധ ഇനങ്ങളിൽ ഡിപ്പോസിറ്റുവരുന്ന തുകകൾ സാംഖ്യ രസീതുപ്രകാരം അക്കൗണ്ടുചെയ്ത് വരവായി സ്വീകരിക്കാതെ ഫയലിൽ സൂക്ഷിക്കുകയും കാലാവധി പൂർത്തിയാകുന്നതിനു മുൻപുതന്നെ തിരികെ നൽകുകയും ചെയ്യുന്ന രീതി അവലംബിച്ചുകാണുന്നു. ഡി.സി.ബി.വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ ഒന്നുംതന്നെ ആധികാരികമല്ല. തൊഴിൽനികുതി, വാടക എന്നീ ഇനങ്ങളിലെ മുൻവർഷ കുടിശ്ശികയുടേയും, പല സ്ഥാപനങ്ങളിൽനിന്നും നികുതി ഇനത്തിലുള്ള വരവുതുകകളുടേയും ആധികാരികത ഉറപ്പാക്കാനുതകുന്ന തരത്തിലല്ല രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുള്ളത്. കെട്ടിടനികുതി അസസ്മെന്റ്, ഡിമാന്റ്, വരവുതുകകൾ സാഞ്ചയ അപ്ഗ്രഡേഷൻ പൂർണ്ണമല്ലാത്തതിനാൽ പരിശോധിച്ചുറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. വരവുരസീതുകൾ മുഖേനയുള്ള തുകയുടെ ഒടുക്ക് പരിശോധിച്ചുറപ്പിക്കുന്നതിൽ അഭ്യന്തരനിയന്ത്രണസംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാർക്ക് അലോട്ട്മെന്റ് നൽകുന്ന തുകകൾ വിനിയോഗിച്ചു എന്ന് ഉറപ്പാക്കാതെ കണക്കുകൾ ക്ലോസ് ചെയ്തതിനാൽ ചെലവഴിക്കാത്ത പല തുകകളും ചെലവുവന്നതായും പൂർത്തീകരിക്കാത്ത പ്രോജക്ടുകൾ പൂർത്തീകരിച്ചതായും കണക്കാക്കി കണക്കുകൾ ക്ലോസ് ചെയ്ത് വാർഷികധനകാര്യപത്രിക തയ്യാറാക്കി.

നികുതിപിരിവ് ഊർജ്ജിതമാക്കാനുള്ള ശ്രമങ്ങൾ അധികൃതരുടെ ഭാഗത്തുനിന്നും

ഉണ്ടാകേണ്ടതാണ്. ലൈസൻസ് എടുക്കുന്നതിലും നികുതി ഒടുക്കുന്നതിലും വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവുവിളക്കുകളുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്തി കണക്കുകൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ റിപ്പയർചെയ്യുന്ന തെരുവുവിളക്കുകളുടെയും പുതുതായി സ്ഥാപിക്കുന്നതിന്റേയും കണക്കുകൾ ബോദ്ധ്യപ്പെടാനാകുന്നില്ല. കുടിവെള്ളടാപ്പുകളുടെ കൃത്യമായ എണ്ണം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## **1-11** മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29-9-2017 | മെയ്2017 | ആഗസ്റ്റ്2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-05-2016മുതൽ 8-6-2016 വരെ | 2011-12 മുതൽ 2015-16 വരെ | 8-7-2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **2-1** രസീതുപരിശോധനയിൽ കണ്ട അപാകതകൾ

1.രസീതിന്റ ഡ്യൂപ്ലിക്കേറ്റ്നഷ്ടപ്പെട്ടിരിക്കുന്നു- ശ്രീ.ലാൽ.കെ.എസ് കളക്ഷന് ഉപയോഗിച്ച രസീതുബുക്ക്നമ്പർ 30016 ലെ 74ാംനമ്പർ രസീത് ക്യാൻസൽ ചെയ്തിരിക്കുന്നു. എന്നാൽ ടി രസീതിന്റെ ഡ്യൂപ്ലിക്കേറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതിനുള്ള വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ 75ാം നമ്പർ രസീത് നൽകിയ ശ്രീ.സുരേഷ്കുമാറിന് ക്യാൻസൽ ചെയ്ത 74ാം നമ്പർ രസീതും അറിയാതെ നൽകിയെന്നാണ് വിശദീകരണം ലഭ്യമാക്കിയിരിക്കുന്നത്. ഈ വിഷയത്തിൽ അന്വേഷണം നടത്തി രസീതിന്റെ ദുരുപയോഗം നടന്നിട്ടില്ല എന്നുറപ്പുവരുത്തേണ്ടതാണ്.

2.ഔട്ട് ഡോർ രസീതുപ്രകാരമുള്ള കളക്ഷൻ തുക അന്നേ ദിവസം തന്നെ പൂർണമായും ഒടുക്കുവരുത്തുന്നില്ല.

i.ശ്രീ.ചാർലി.ടി കളക്ഷന് ഉപയോഗിച്ച 27981ാം നമ്പർ രസീതുബുക്കിലെ 83 മുതൽ100 വരെയുള്ള രസീതുകൾ പ്രകാരമുള്ള 9-12-16 ലെ കളക്ഷൻ തുക 3,911രൂപ 25-02-2017ൽ ആണ് 116011062320ാം നമ്പർ രസീതുപ്രകാരം ഫ്രണ്ട് ഓഫീസിൽ ഒടുക്കിയിരിക്കുന്നത്. 27992ാം നമ്പർ രസീത് ബുക്കിലെ 1 മുതൽ 19 വരെയുള്ള

രസീതുകൾ ഉപയോഗിച്ച് പിരിച്ച 9-12-16 ലെ ബാക്കി കളക്ഷൻ തുകയായ 6791 രൂപ അന്നേ ദിവസം തന്നെ 11601104743 ഫ്രണ്ട് ഓഫീസിൽ ഒടുക്കിയിട്ടുണ്ട്. 3,911രൂപ രണ്ടുമാസം വൈകി ഒടുക്കിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി 9/13-10-17 ന് തുക കുറച്ച് ഒടുക്കിയത് പെർഫോമൻസ് ഓഡിറ്റ് കണ്ടെത്തിയതിനെ തുടർന്നാണ് രണ്ടുമാസത്തിന് ശേഷം ഒടുക്കുവരുത്തിയതെന്നും ഇതിന് ഉത്തരവാദിയായ ശ്രീ.ചാർലിയുടെ മേൽ അച്ചടക്കനടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും മറുപടി ലഭിച്ചിട്ടുണ്ട്.

ii. ശ്രീ.ലാൽ.എസ്സ് കളക്ഷനുപയോഗിച്ച 300160ം നമ്പർ രസീത് ബുക്കിലെ 73 ാംനമ്പർ രസീത് ഉപയോഗിച്ചുള്ള 27.03.17-ലെ കളക്ഷൻ തുകയായ 1,364 രൂപ 26-04-2017-ൽ ആണ് ഫ്രണ്ട് ഓഫീസിൽ ഒടുക്കിയിരിക്കുന്നത്.

ഓരോ ദിവസത്തേയും കളക്ഷൻ തുക കൃത്യമാണോ എന്ന് പരിശോധിക്കേണ്ടത് അക്കൗണ്ടന്റ്, ഫ്രണ്ട് ഓഫീസ് ക്ലർക്ക്, സെക്രട്ടറി എന്നിവരുടെ കൂട്ടുത്തരവാദിത്തമാണ്. ആഭ്യന്തരനിയന്ത്രണസംവിധാനത്തിലെ വീഴ്ചയായി ഇതിനെ ഓഡിറ്റ് വിലയിരുത്തുന്നു.

## 2-2 തൊഴിൽനികുതി - അപാകതകൾ

1.മുൻവർഷം തൊഴിൽനികുതി ഈടാക്കിയ എല്ലാ സ്ഥാപനങ്ങളേയും ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

2.സ്ഥാപനങ്ങൾ തൊഴിൽനികുതി ഒടുക്കിയതിന്റ രസീത് നമ്പർ പോസ്റ്റ് ചെയ്ത് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

3.പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2016-17 സാമ്പത്തികവർഷത്തിൽ തൊഴിൽനികുതി ഒടുക്കിയിട്ടില്ല. തൊഴിൽനികുതി ഒടുക്കിയതിന്റ വിവരങ്ങൾ രസീതുനമ്പർസഹിതം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/13-10-17)മറുപടി ലഭ്യമാക്കിയിട്ടില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|
| ബാങ്ക് ഓഫ് ഇൻഡ്യ | I |
| ആർ.ബി.എം.യു.പി.എസ്, കാര്യറ | I |
| മുത്തൂറ്റ് ഫിനാൻസ്,വിളക്കുടി | I |
| പോസ്റ്റ് ഓഫീസ്,പുനലൂർ | I & II |

| | |
|---|---|
| സർവീസ് കോർപ്പറേറ്റീവ് ബാങ്ക്,ഇളമ്പൽ | I |
| ബി.എസ്സ്.എൻ.എൽ | I |
| റയിൽവേസ്റ്റേഷൻ | I & II |
| സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ | I & II |
| കനറബാങ്ക് | I & II |
| മന്നംമെമ്മോറിയൽ ഹയർസെക്കന്ററി സ്കൂൾ-ഹയർസെക്കന്ററി വിഭാഗം | I & II |
| പോപ്പുലർ ഫിനാൻസ് | I & II |
| കാവേരി ഇൻഡൈൻ സർവീസ്,കുന്നിക്കോട് | I & II |
| കവിത ക്ലിനിക് ആന്റ് ലാബ് | I & II |
| കോട്ടയ്ക്കൽ ആര്യ വൈദ്യശാല | I & II |
| കൊശമറ്റം ഫിനാൻസ് | I & II |
| എസ്സ്.ബി.ഐ,കുന്നിക്കോട് | I & II |
| മിനി മുത്തൂറ്റ് നിധി ലിമിറ്റഡ്, കുന്നിക്കോട് | I & II |
| പോലിസ് സ്റ്റേഷൻ, കുന്നിക്കോട് | I |
| കൊല്ലം ജില്ലാ സഹകരണ ബാങ്ക്, കുന്നിക്കോട് | I & II |
| കൊല്ലം ജില്ലാ സഹകരണ ബാങ്ക്, ഇളമ്പൽ | I & II |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി പലിശ സഹിതം ഈടാക്കേണ്ടതാണ്.

4.പഞ്ചായത്തുപരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽനികുതി ഒടുക്കിയിട്ടില്ല. സ്ഥാപനതൊഴിൽനികുതി ഒടുക്കിയതിന്റ വിവരങ്ങൾ രസീതുനമ്പർ സഹിതം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിയ്ക്ക് (9/13-10-17) മറുപടി ലഭ്യമായില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| മിനി മുത്തൂറ്റ് നിധി ലിമിറ്റഡ് | I & II |
| കോല്ലം ജില്ലാ സഹകരണ ബാങ്ക്, ഇളമ്പൽ | I & II |
| കൊല്ലം ജില്ലാ സഹകരണ ബാങ്ക്, കുന്നിക്കോട് | I & II |
| ബാങ്ക് ഓഫ് ഇൻഡ്യ | I & II |
| PRNM പബ്ലിക് സ്കൂൾ,കുന്നിക്കോട് | I & II |
| എസ്സ്.ബി.ഐ,കുന്നിക്കോട് | I & II |
| ഫെഡറൽ ബാങ്ക് | I & II |
| ആവണീശ്വരം സർവീസ് കോർപ്പറേറ്റീവ് ബാങ്ക് | I & II |
| ബി.എസ്സ്.എൻ.എൽ | I & II |
| സാരഥി ഓട്ടോകാർസ് | I & II |
| സപ്ലൈകോ സൂപ്പർ മാർക്കറ്റ് | I & II |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽനിന്നും സ്ഥാപനതൊഴിൽനികുതി പലിശസഹിതം ഈടാക്കേണ്ടതാണ്.

## 2-3 കെട്ടിടവാടക-അപാകതകൾ

**1.കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു.**

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ താഴെ സൂചിപ്പിക്കുംപ്രകാരം ആകെ 35 കടമുറികളാണ് ഉള്ളത്

| | |
|---|---|
| കുന്നിക്കോട് മാർക്കറ്റ് | 5 കടമുറികൾ |
| പി.എച്ച്.സി | 5 കടമുറികൾ |

| | |
|---|---|
| ആവണീശ്വരം ഷോപ്പിംഗ് കോംപ്ലക്സ് | താഴത്തെ നില - 9 മുറികൾ , ഒന്നാംനില-1മുറി , 1സ്റ്റെയർ റൂം |
| ഇളമ്പൽ മാർക്കറ്റ് | 14 മുറികൾ |

ഇവയിൽ കുന്നിക്കോട് മാർക്കറ്റിലെ കടമുറികൾ മാർക്കറ്റ് പ്രവർത്തനസജ്ജമല്ലാത്തതിനാലും പ്രധാന റോഡിൽനിന്ന് അകലെ ആയതിനാലും വാടകയ്ക്ക് എടുക്കാൻ ആരും തയ്യാറാകുന്നില്ല. അതിനാൽ ഈ കടമുറികൾ ഒഴിഞ്ഞു കിടക്കുകയാണ്. അടുത്ത സാമ്പത്തികവർഷം എം.എൽ.എ ഫണ്ടിന്റെ സഹായത്തോടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ(നം.14/19.10.17) അറിയിച്ചിട്ടുണ്ട്. നടപടികൾ ത്വരിതപ്പെടുത്തി കടമുറികൾ വാടകയ്ക്ക് നൽകി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വാടക കുടിശ്ശിക പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്നു.

പഞ്ചായത്തിന്റെ കെട്ടിടവാടക രജിസ്റ്റർ പരിശോധിച്ചതിൽ , വാടകയ്ക്ക് നൽകിയിരിക്കുന്ന മൂന്ന് കടമുറികൾക്ക് താഴെ സൂചിപ്പിക്കുന്ന തരത്തിൽ കുടിശ്ശികയുള്ളതായി വ്യക്തമായിട്ടുണ്ട്.

| കടമുറി നമ്പർ | പേര് | കുടിശ്ശിക കാലയളവ് | ആകെ തുക |
|---|---|---|---|
| II-EM | ബിജുകുമാർ | 7/16 – 3/17 | 4,500 |
| IX-EM | മാഹീൻ | 4/16 – 3/17 | 12,684 |
| XI-EM | തങ്കമ്മ | 6/16 – 3/17 | 2,860 |

ടി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/19.10.17) തുക ഒടുക്കാൻ നോട്ടീസ് നൽകിയിരിക്കുന്നു എന്ന മറുപടിയാണ് ലഭിച്ചത്. കുടിശ്ശികയുള്ള തുക എത്രയും വേഗം പിരിച്ചെടുക്കേണ്ടതാണ്.

## 2-4 ഡി.ഡി. ആയി വരുന്ന രസീതു തുകകൾ വരവിലെടുക്കുന്നില്ല

വിവിധ പ്രോജക്ടുകളുടെ ഇ.എം.ഡി. ആയി ലഭിച്ച ഡിഡികൾ രസീതിൽ എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് പേര്, നമ്പർ | ഡി.ഡി.നമ്പർ | തുക | റിമാർക്സ് |
|---|---|---|---|
| ഘടകസ്ഥാപനങ്ങൾക്ക് ഫർണീച്ചർ | 120801/ | 9845 | 3-5-2017 ൽ തിരിച്ചു നൽകി |

| | | | |
|---|---|---|---|
| | 7-1-2017 | | |
| കാഷ് ചെസ്റ്റ് | 120798/ 7-1-2017 | 1,875/- | നാളിതുവരെ ഡി.ഡി. തിരികെ നൽകാതെയും രസീതിലെടുക് കാതെയും ഫയലിൽ സൂക്ഷിക്കുന്നു. |
| ഫർണീച്ചർ എസ്.സി | 12083/ 7-1-2017 | 12,500/- | 3-5-2017 ൽ തിരിച്ചു നൽകി |
| എസ്.സി.കുട്ടികൾക്ക് ഫർണീച്ചർ | 12802/ 7-1-2017 | 10,000/- | 3-5-2017 ൽ തിരിച്ചു നൽകി |
| ഗ്രാമകേന്ദ്രങ്ങൾക്ക് ഫർണീച്ചർ | 120800/ 7-1-2017 | 5150/- | 3-5-2017ൽ തിരിച്ചു നൽകി |

ഡി.ഡി ആയി ലഭിച്ച ഇ.എം.ഡി തുകകൾ രസീതിൽ എടുക്കാതെ തിരിച്ചു നൽകിയതിന്റെയും കയ്യിൽ സൂക്ഷിക്കുന്നതിന്റെയും കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/21.10.2017) മറുപടി ലഭ്യമാക്കിയില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-5 ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല

പഞ്ചായത്തിന് തനതുഫണ്ട് അക്കൗണ്ടായി രണ്ട് അക്കൗണ്ടുകൾ നിലവിലുണ്ട് – ആവണീശ്വരം സർവ്വീസ് കോർപ്പറേറ്റീവ് ബാങ്കിലും, എസ്.ബി.ഐ-യിലും. സ്റ്റേറ്റ്ബാങ്ക് ഓഫ് ഇൻഡ്യയിൽ നിലവിലുള്ള തനതുഫണ്ട് അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.സർക്കുലർ 58725/എഫ്.എം.3 2008/തസ്വഭവ/26.05.11 പ്രകാരം തനതുവരുമാനം ട്രഷറി അക്കൗണ്ടിന് പുറമെ ദേശസാൽകൃതബാങ്കിലോ സഹകരണബാങ്കിലോ ഒറ്റ അക്കൗണ്ടിൽമാത്രം നിക്ഷേപിക്കണം. ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കാൻ പാടുള്ളതല്ല എന്ന നിർദ്ദേശം നിലനിൽക്കെ ആണ് ഇത്തരത്തിൽ സർക്കാർ മാർഗനിർദ്ദേശത്തിന് വിരുദ്ധമായി തനതുഫണ്ട് സൂക്ഷിക്കാൻ രണ്ട് അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നത്. ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനും തനതുഫണ്ടിന്റെ ഏതെങ്കിലും ഒരു അക്കൗണ്ട് ക്ലോസ് ചെയ്ത് ഒറ്റ അക്കൗണ്ട് നിലനിർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ടുകളുടെ വിനിയോഗത്തിൽ ഗുരുതരവീഴ്ച–

**1,13,39,138/-ഗ്രാമപഞ്ചായത്തിന് നഷ്ടമായി**

വികസനപദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിന് വിവിധ ഗ്രാന്റിനങ്ങളിൽ സംസ്ഥാന ബജറ്റ് വിഹിതമായി തൻവർഷം അനുവദിച്ച് നല്കിയ 1,13,39,138/-ചെലവഴിക്കപ്പെട്ടിട്ടില്ല.

സാമൂഹികനീതിയും സാമ്പത്തികവികസനവും ലക്ഷ്യമാക്കിയുള്ള വിവിധ പദ്ധതികൾക്കായി സർക്കാർ ഗ്രാമപഞ്ചായത്തിന് തൻവർഷം അനുവദിച്ച് നൽകിയ ഗ്രാന്റുകളുടെയും ഫണ്ടുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബഡ്ജറ്റ് അലോട്ട്മെന്റ് | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള തുക | ചെലവ് തുക | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 1,76,92,136 | 1,76,92,136 | 1,61,67,341 | 91 | 15,24,795 |
| വികസനഫണ്ട്(എസ്.സി.പി) | 67,16,685 | 67,16,685 | 64,15,299 | 96 | 3,01,386 |
| വികസനഫണ്ട്(റ്റി.എസ്.പി) | 29,136 | 29,136 | 22,400 | 77 | 6,736 |
| ധനകാര്യകമ്മിഷൻ ഗ്രാന്റ് | 99,22,921 | 99,22,921 | 57,25,400 | 58 | 41,97,521 |
| ലോകബാങ്ക് ധനസഹായം | 41,75,666 | 41,75,666 | 8,37,499 | 20 | 33,38,167 |
| സംരക്ഷണ ഗ്രാന്റ്(നോൺ-റോഡ്) | 49,65,252 | 49,65,252 | 39,80,508 | 80 | 9,84,744 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 72,33,696 | 72,33,696 | 62,47,907 | 86 | 9,85,789 |
| | | | | | 1,13,39,138 |

സർക്കാരിൽനിന്ന് ലഭ്യമായ ഗ്രാന്റുകൾ വിനിയോഗിക്കുവാൻ സാധ്യമാകുംവിധത്തിൽ വാർഷികപദ്ധതി തയ്യാറാക്കി ഫണ്ടുകൾ വകയിരുത്തിയെങ്കിലും പദ്ധതി നിർവ്വഹണത്തിലെ വീഴ്ചകൾ മൂലമാണ് 1,13,39,138/-രൂപ ചെലവഴിക്കാൻ കഴിയാതെവന്നത്. മേൽ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**3-2** ചെലവ് ചെയ്യാത്ത തുകകൾ ചെലവായി കാണിച്ച് അക്കൗണ്ട് ചെയ്തു-പദ്ധതിവിഹിതം, മെയിന്റനൻസ് ഗ്രാന്റ് ചെലവ് കണക്കുകളിൽ പൊരുത്തക്കേട്

തദ്ദേശസ്ഥാപനങ്ങൾക്കുള്ള വികസനഫണ്ട്, സംരക്ഷണഗ്രാന്റ് എന്നിവയുടെ വിനിയോഗം സംബന്ധിച്ച് ജി.ഒ.(പി) 177/2006 ധനം 12.4.2006,ജി.ഒ.(പി) 119/2015ധനം 21.3.2015 എന്നിവപ്രകാരം വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ

പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ നിർദ്ദേശപ്രകാരം കാറ്റിഗറി എ,ബി,സി ഫണ്ടുകൾക്കായി നിർവ്വഹണ ഉദ്ദ്യോഗസ്ഥരുടെ അപേക്ഷപ്രകാരം പ്രസിഡന്റ് അധികാരപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി അലോട്ട്മെന്റ് നിർവ്വഹണ ഉദ്ദ്യോഗസ്ഥന് നൽകേണ്ടതും നിർവ്വഹണ ഉദ്ദ്യോഗസ്ഥർ തുക വിനിയോഗിക്കേണ്ടതുമാണ്. നിർവ്വഹണ ഉദ്ദ്യോഗസ്ഥർ ടി തുകയുടെ പ്രതിമാസ വിനിയോഗപത്രിക അടുത്തമാസം 5-ാം തീയതിയ്ക്കു മുൻപായി സെക്രട്ടറിയ്ക്കു സമർപ്പിക്കേണ്ടതും സെക്രട്ടറിമാർ ട്രഷറിയിൽനിന്ന് ലഭിക്കുന്ന കമ്പ്യൂട്ടർ സ്റ്റേറ്റ്മെന്റ് രേഖകൾ ഇവയുമായി ഒത്തുനോക്കി കണക്കുകൾ കൃത്യമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ ഫണ്ട് അലോട്ട്മെന്റ് നൽകുമ്പോൾതന്നെ ചെലവ് രേഖപ്പെടുത്തുന്ന രീതി ഒഴിവാക്കണമെന്നും ഫണ്ട് ചെലവഴിച്ചതിന്റെ സ്റ്റേറ്റ്മെന്റ്/വൗച്ചർ നിർവ്വഹണ ഉദ്ദ്യോഗസ്ഥൻ ലഭ്യമാക്കിയശേഷം മാത്രമേ ചെലവായി രേഖപ്പെടുത്താവൂ എന്നും സർക്കുലർ നം 59995/എ.സി2 /2011/ത.സ്വ.ഭ.വ 24.12.2011ൽ വ്യക്തമാക്കിയിരുന്നുവെങ്കിലും ഇതിനുവിരുദ്ധമായി ചെലവുകൾ അക്കൗണ്ട ചെയ്തതിനാൽ വിവിധ ഫണ്ടുകളിൽ ചെലവാകാത്ത തുകകൾ (ഒബ്ജക്ഷനായ ബില്ലുകൾ പ്രകാരമുള്ള തുകകൾ) ചെലവുവന്നതായും പൂർത്തിയാകാത്ത പ്രോജക്ടുകൾ പൂർത്തിയായി കാണിക്കാനിടയാവുകയും ചെയ്തു. തന്മൂലം ഈ ഫണ്ടുകളുടെ യഥാർത്ഥ വരവ്-ചെലവ് കണക്കുകളല്ല പഞ്ചായത്തിന്റെ വാർഷികധനകാര്യപത്രികയിലും രേഖകളിലും ഉൾപ്പെടുത്തിയിട്ടുള്ളത് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | യഥാർത്ഥ ചെലവ് | വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് | വ്യത്യാസത്തിനു കാരണം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 1,61,67,341 | 1,62,19,841 | പ്രോജക്ട് നം-പ്രകാരം 52,500 രൂപ 28.3.2017 ൽ ചെലവ് രേഖപ്പെടുത്തിയെങ്കിലും മേൽ ബില്ല് മാറിയിരുന്നില്ല |
| ലോകബാങ്ക് ധനസഹായം | 8,37,499 | 8,64,121 | പ്രോജക്ട് നം-108/17 പ്രകാരം 26,622 രൂപ 28.3.2017 ൽ ചെലവ് രേഖപ്പെടുത്തിയെങ്കിലും മേൽ ബില്ല് മാറിയിരുന്നില്ല |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 39,80,508 | 39,90,434 | പ്രോജക്ട് നം-പ്രകാരം 6,016 രൂപ 21.2.2017ലും 3,910 രൂപ 27.12.2016ലും ചെലവ് രേഖപ്പെടുത്തിയെങ്കിലും മേൽ |

| | | | |
|---|---|---|---|
| | | | ബില്ല് മാറിയിരുന്നില്ല |

ഇത്തരത്തിൽ ബിൽ മാറുന്നതിനു മുൻപായി ചെലവ് രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും കണക്കുകൾ കൃത്യമാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 3-3 തെരുവുവിളക്ക് മെയിന്റനൻസ്-ഉപകരണങ്ങൾ വാങ്ങൽ - അധികം തുക നൽകി

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ തെരുവുവിളക്ക് മെയിന്റനൻസ്-ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 178/17)(അടങ്കൽ – 10,00,000/-രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ്, ചെലവ് – 7,37,108, ബിൽ നം.30/31.3.17) വാങ്ങിയ സാധനങ്ങളിൽ കൊച്ചുമേലതിൽ ഏജൻസീസിൽനിന്നും കെട്ടേഷനിൽ ക്വോട്ട് ചെയ്തിരിക്കുന്നതിലും കൂടുതൽ തുക ബില്ലിൽ രേഖപ്പെടുത്തി സാധനങ്ങൾ വാങ്ങി. (ഇൻവോയ്സ് നമ്പർ A416/28-3-2017). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | അലുമിനിയം വയർ 2.5 mm |
|---|---|
| ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തുക | 640x150=96,000/- |
| ബില്ലിൽ രേഖപ്പെടുത്തിയിരിക്കുന്ന തുക | 800x150=1,20,000/- |
| എണ്ണം | 150 |
| അധികം നൽകിയ തുക | 24,000/- |

അധികം നൽകിയ തുക 24,000/-രൂപ നിരാകരിക്കുന്നു.കൂടാതെ പ്രോജക്ടിൽ ടെണ്ടർ ഷെഡ്യൂളിലോ സ്ഥാപനം സമർപ്പിച്ച ടെണ്ടർഫോമിലോ പ്രസ്തുത സ്ഥാപനത്തിന് നൽകിയ വിതരണ ഉത്തരവിലോ ഇല്ലാത്ത അലുമിനിയം ഷെയ്ഡ് എന്ന സാധനം 40.08/-രൂപ നിരക്കിൽ 750/-എണ്ണം വാങ്ങിയതിന് 30,056/-രൂപ നൽകിയിരിക്കുന്നു. (ഇൻവോയ്സ് നം. 4416/28.3.17). പ്രസ്തുത പദ്ധതിയ്ക്കായി നൽകിയ സെക്യൂരിറ്റി ഡെപ്പോസിറ്റ് (എസ്.ബി.ഐ-യിലെ 17-3-2017 തീയതിയിലെ 25,000/-രൂപയുടെ സെക്രട്ടറിയുടെ പേരിൽ പ്ലഡ്ജ് ചെയ്ത സർട്ടിഫിക്കേറ്റ്)ന്റെ പകർപ്പാണ് ഫയലിൽ ലഭ്യമാക്കിയിരിക്കുന്നത്. ആയതിന്റെ ഒറിജിനൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/21-10-2017 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവായ 54,056/-(24,000+30,056) രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 ആശ്രയ പദ്ധതിയ്ക്കായി തുക പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ ആശ്രയ എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 135/17) അടങ്കൽ വച്ചിരുന്ന 5,00,000/-രൂപ ബിൽ നമ്പർ 6/30-1-2017 പ്രകാരം പിൻവലിച്ച് കുടുംബശ്രീ സി.ഡി.എസിന്റെ പേരിലിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കുന്നിക്കോട് ശാഖയിലുള്ള അക്കൌണ്ട് നമ്പർ 31225043267-ൽ നിക്ഷേപിച്ചിരിക്കുന്നു. നാളിതുവരെ പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല. 30-1-2017 തീയതിയിൽ പിൻവലിച്ച് നിക്ഷേപിച്ച തുക നാളിതുവരെ തിരിച്ചടയ്ക്കാതെ സൂക്ഷിക്കുന്നതിന് കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/20-10-2017 ന് മറുപടിയായി ഭവനനിർമ്മാണത്തിനും കിണറിനുമായിട്ടാണ് തുക പിൻവലിച്ചത്, എന്നാൽ നിലവിൽ പ്രസ്തുത പദ്ധതികൾക്കായി കൂടുതൽ തുക പഞ്ചായത്തിൽനിന്നും നൽകുന്നുണ്ട്, ആയതിനാൽ പ്രോജക്ട് റിവൈസ് ചെയ്യേണ്ടിവരും എന്നാണ് അറിയിച്ചിരിക്കുന്നത്. ആയത് അംഗീകരിക്കുന്നില്ല. ഗുണഭോക്താക്കളെ പോലും കണ്ടെത്താതെ തുക പിൻവലിച്ച് സി.ഡി.എസിന്റെ അക്കൌണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത് അംഗീകരിക്കുന്നില്ല. പ്രസ്തുത തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചടക്കുന്ന ദിവസം വരെ 18% പലിശസഹിതം തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-5 കുടുംബശ്രീയൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ -തുക മുൻകൂർ പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുന്നു

കുടുംബശ്രീയൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 202/17 ) ബിൽ നമ്പർ 22/17/31-3-2017 പ്രകാരം പിൻവലിച്ച 1,00,000/-രൂപ 3-4-2017 തീയതി മുതൽ കുടുംബശ്രീ സി.ഡി.എസിന്റെ സെൻട്രൽ ബാങ്കിലുള്ള 2117894060 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. നാളിതുവരെ പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല. ആവശ്യത്തിനുമാത്രം തുക പിൻവലിക്കാനായി ഗവൺമെന്റ് ഉത്തരവ് നിലവിലിരിക്കെ 30-3-2017 തീയതിയിൽ പിൻവലിച്ച് നിക്ഷേപിച്ച തുക നാളിതുവരെ പലിശസഹിതം തിരിച്ചടയ്ക്കാതെ സൂക്ഷിക്കുന്നതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/19-10-2017 ന് മറുപടിയായി തുക തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുക പിൻവലിച്ച തീയതിമുതൽ നാളിതുവരെയുള്ള പലിശസഹിതം തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-6 കമ്പ്യൂട്ടറിന് എ.എം.സി. ലഭ്യമാക്കൽ- തുക അധികം നൽകി

കമ്പ്യൂട്ടറിന് എ.എം.സി. ലഭ്യമാക്കൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ

263/17) 8-11-16 തീയതിയിലെ ITBG/16-17/5607/CSGG/712 നമ്പർ ഇൻവോയ്സ് പ്രകാരം കെൽട്രോൺ 24,610/- രൂപ എഗ്രിമെന്റുവച്ച് ആവശ്യപ്പെട്ടപ്പോൾ 30-3-2017 തീയതിയിലെ 1982718 നമ്പർ ചെക്കുപ്രകാരം 75,000/-രൂപ നൽകിയിരിക്കുന്നു. 50,390/-അധികം നൽകാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുനൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 19/21-10-2017)-ക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ കെൽട്രോണിന് അധികം നൽകിയിട്ടുള്ള 50,390/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക പലിശസഹിതം തിരികെ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 3-7 ക്വോട്ട് ചെയ്തതിനെക്കാൾ കൂടിയനിരക്കിൽ സാധനം വാങ്ങി

പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന കുട്ടികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 148/17) എറ്റവും കുറഞ്ഞ നിരക്ക് (29,600/-) ക്വോട്ട് ചെയ്തിരിക്കുന്നത് M/s ഷാൻ ഷാനി കംപ്യൂട്ടേഴ്സ് ആന്റ് ലാപ്ടോപ്പ് എന്ന സ്ഥാപനമാണ്. പ്രസ്തുത സ്ഥാപനത്തിന്റെ 28-3-2017 തീയതിയിലെ 978 നമ്പർ ഇൻവോയ്സ് പ്രകാരം 7 ലാപ്പ്ടോപ്പിനായി ആവശ്യപ്പെട്ട 2,09,300/-രൂപ ബിൽ നമ്പർ 27/28-3-2017പ്രകാരം പിൻവലിച്ച് നൽകി. അതായത് ഒരു ലാപ്പ്ടോപ്പിന് 29,900/- രൂപ നിരക്കിൽ 2,100/- രൂപ അധികം നൽകിയിരിക്കുന്നു. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/20-10-2017 ന് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക രൂപ 2,100/- ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

പ്രസ്തുത പ്രോജക്ടിലെ ഗുണഭോക്താവായ ആർ.സോണിമ എന്ന കുട്ടി പ്രസിഡൻസി കോളേജ് എന്ന സ്വകാര്യട്യൂഷൻ സെന്ററിൽ പഠിക്കുന്നതായിട്ടാണ് കാണിച്ചിരിക്കുന്നത്. പ്രസ്തുത വിദ്യാർത്ഥി യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ, 2016-17 വർഷത്തിൽ പരീക്ഷ എഴുതിയതിന്റെ ഹാൾ ടിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/20-10-2017 ന് മറുപടി ലഭ്യമാക്കിയതിൽ ആയത് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി കുട്ടിക്കുവേണ്ടി ചെലവായ 29,900/- രൂപയിൽ നിരാകരിച്ച 300/-കഴിച്ച് ബാക്കി 29,600/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 പ്ലാൻ ഫണ്ട് -തനതുഫണ്ടിലേക്ക് ഒടുക്കിയ തുകകൾ തിരിച്ചടച്ചില്ല

വി.ഇ.ഒ നിർവഹണഉദ്യോഗസ്ഥനായ ഓ.ഡി.എഫ് കക്കൂസ് നിർമ്മാണംഎന്ന പ്രേജക്ടിനായി(നം.184/17) പിൻവലിച്ച തുകകളിൽ 24,000/- പൊതുവിഭാഗം

ജനറലിൽ താഴെപ്പറയുംപ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

| രസീത് നമ്പർ, തീയതി | തുക |
|---|---|
| 11601103342/26-9-2016 | 6,000/- |
| 116011053513/1-10-2016 | 12,000/- |
| 11601105454/6-1-2017 | 6,000/- |

എന്നാൽ ടി തുകകൾ തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 3-9 ഇ.എം.എസ്.ലോൺ കരാർ നിലനിൽക്കെ വസ്തു കൈമാറ്റം ചെയ്തയാൾക്ക് തടസ്സരഹിതസാക്ഷ്യപത്രം നൽകി

ഗ്രാമപഞ്ചായത്തിലെ 19-ാം വാർഡിലെ ശ്രീമതി.ജമീലാബീവി, ആമിനാമൻസിൽ എന്ന വ്യക്തിക്ക് 2010-11 വർഷം വീട് നിർമ്മിക്കുന്നതിനായി ആനുകൂല്യം നൽകിയിരുന്നു. നാലു തവണകളായി 75,000/- രൂപ നൽകിയിരുന്നു. എന്നാൽ ടിയാൾ വസ്തു വിൽപ്പന നടത്തുകയും ആയത് വാങ്ങിയ വ്യക്തി ജലീലാ ബീവി പ്രസ്തുത തുക തിരിച്ചടച്ച് കരാർ റദ്ദാക്കിയിരുന്നുവെന്നും വസ്തുവും വീടും വിറ്റതിനുശേഷവും സെക്രട്ടറിയുടെ പേരിൽ ബാധ്യത നിലനിൽക്കുന്നത് ഒഴിവാക്കി തരണമെന്നമെന്നുമുള്ള അപേക്ഷ പരിഗണിച്ച് ടിയാൾക്ക് ഭവനനിർമ്മാണം ആവശ്യമില്ലാതെവരുകയും തുടർന്ന് തുക തിരികെ ഒടുക്കി കരാർ റദ്ദുചെയ്തിട്ടുള്ളതാണെന്ന് വി.ഇ.ഒ റിപ്പോർട്ട് നൽകിയതിനെ തുടർന്ന് 15-6-2017 -ലെ A4 4451/17 നമ്പർ സാക്ഷ്യപത്രം പ്രകാരം വസ്തു ഈട് വച്ച് ലോൺ എടുക്കുന്നതിന് യാതൊരു എതിർപ്പും ഇല്ല എന്ന് സെക്രട്ടറി ആറിയിച്ചിട്ടുണ്ട്. എന്നാൽ ടിയാൾ കരാർ റദ്ദുചെയ്യുകയോ തുക തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/11-10-17) മറുപടിയായി ടിയാളോട് ആനുകല്യമായി കൈപ്പറ്റിയ തുക പലിശസഹിതം തിരികെ അടയ്ക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും സെക്രട്ടറിയുമായുള്ള കരാർ നിലനിൽക്കെ വസ്തു കൈമാറ്റം ചെയ്ത നടപടി റദ്ദാക്കണമെന്നാവശ്യപ്പെട്ടു പുനലൂർ സബ് രജിസ്ട്രാർക്കും കത്ത് നൽകിയട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ കൈപ്പറ്റിയ തുക 18% പലിശസഹിതം തിരികെ ഈടാക്കി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 കയറ്റിറക്കുകൂലി തുക അധികം നൽകി -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരികെ ഒടുക്കി

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക

പോഷകാഹാരപരിപാടി എന്ന പ്രോജക്ടിനായി ബിൽ നമ്പർ 4/7-1-2017 പ്രകാരം പിൻവലിച്ച 3,58,133/- രൂപയിൽ 24,590/- ട്രാൻസ്പോർട്ടേഷൻ ഇനത്തിൽ നൽകിയിരിക്കുന്നു. പ്രസ്തുത ബിൽപ്രകാരം 9485.37കിലോഗ്രാം സാധനങ്ങൾ മാത്രമേ ഇറക്കിയിട്ടുള്ളൂ. ബാക്കിയുള്ള സാധനങ്ങൾ ഇറക്കിയതിന് കയറ്റിറക്കുകൂലി നൽകിയിട്ടുള്ളതിനാൽ 9485.37കിലോഗ്രാം സാധനങ്ങൾ ഇറക്കിയതിന് രണ്ടു രൂപ നിരക്കിൽ നൽകേണ്ട 18,971/- രൂപയ്ക്ക് പകരം 24,590/- രൂപ നൽകിയതുവഴി 5,619/- രൂപ അധികം നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8/13-10-2016-ന് മറുപടിയായി 13-10-2017 തീയതിയിലെ 117010103017 നമ്പർ രസീതുപ്രകാരം തുക തിരിച്ചടച്ചു എന്നറിയിച്ചിട്ടുണ്ട്. തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കി വിവരമറിയിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ , ഹൈസ്പീഡ് സ്കാനർ റീ ടെണ്ടറിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട് നമ്പർ 49/17

ചെലവ് -20,000/- ബിൽ നമ്പർ 29/31-3-2017

2,92,500/-ചെക്ക് നമ്പർ 027691/31-3-2017

പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ , ഹൈസ്പീഡ് സ്കാനർ എന്ന പ്രോജക്ടിനായി ആദ്യം ടെണ്ടർ ക്ഷണിച്ചുവെങ്കിലും A4 സൈസ്സ് സ്കാനറിനുള്ള ടെണ്ടറാണ് ലഭിച്ചത് . എന്നാൽ പഞ്ചായത്തിനാവശ്യം A3 സൈസ്സ് ആണ് എന്ന് കമ്മറ്റി തീരുമാനമെടുത്ത് റീ ടെണ്ടർ ക്ഷണിച്ചു. ആദ്യം നൽകിയ ടെണ്ടർ ഷെഡ്യൂളിൽ പേപ്പർ സൈസ് വ്യക്തമാക്കിയിരുന്നില്ല. ആയതിനെ തുടർന്ന് നടത്തിയ റീ ടെണ്ടറുകളിൽ ലഭിച്ച ടെണ്ടറുകളിൽ കമ്പ്യൂട്ടറിന്റെ വിലകളിൽ വൻ വ്യത്യസമാണ് ഉണ്ടായിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആദ്യ ടെണ്ടറിലെ കമ്പ്യൂട്ടർ വിലകൾ

| സ്ഥാപനം | സ്പെസിഫിക്കേഷൻ | വില |
|---|---|---|
| F1 SOLUTIONS,എഴുകോൺ | AECRBARNDED<br>DESKTOP CORE 13<br>6TH GN4GBITBWIN 10 | 36,490/- |

| | | |
|---|---|---|
| Hypertech systems | AECRBARNDED DESKTOP CORE 13 6TH GN4GBITBWIN 10 | 34,590/- |
| tech-e-city | AECRBARNDED DESKTOP CORE 13 6TH GN4GBITBWIN 10 | 36,700 |

രണ്ടാം ടെണ്ടറിലെ കമ്പ്യൂട്ടർ വിലകൾ

| സ്ഥാപനം | സ്പെസിഫിക്കേഷൻ | വില |
|---|---|---|
| F1 SOLUTIONS,എഴുകോൺ | AECRBARNDED DESKTOP CORE 13 6TH GN4GBITBWIN 10 | 45,000/- |
| Orange dice | AECRBARNDED DESKTOP CORE 13 6TH GN4GBITBWIN 10 | 42,500/- |
| Shan shani computers | AECRBARNDED DESKTOP CORE 13 6TH GN4GBITBWIN 10 | 41,500/- |

രണ്ടാം ടെണ്ടറിൽ പങ്കെടുത്ത F1 SOLUTIONS,എഴുകോൺ എന്ന സ്ഥാപനം ഇ.എം.ഡി അടയ്ക്കാഞ്ഞതിനാൽ പരിഗണിക്കേണ്ടതില്ല എന്ന തീരുമാനിച്ചു. എന്നാൽ ടി സ്ഥാപനം ഇ.എം.ഡി ആയി പ്ലഡ്ജ് ചെയ്തുനൽകിയ ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് പ്രസ്തുത ഫയലിൽ തന്നെ സൂക്ഷിച്ചിരിക്കുമ്പോൾ ഇങ്ങനെ കമ്മറ്റി തീരുമാനം എടുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. യഥാസമയം ഇ.എം.ഡി ഒടുക്കുവരുത്തിയിട്ടും എഫ്1 സൊല്യൂഷൻ, എഴുകോൺ എന്ന സ്ഥാപനത്തെ ഇ.എം.ഡി ഒടുക്കിയില്ല എന്ന പേരിൽ ഒഴിവാക്കി ടെണ്ടർ നടപടിയുടെ സുതാര്യത നഷ്ടപ്പെടുത്തി. രണ്ടാം ടെണ്ടറിൽ കംപ്യൂട്ടറിന്റെ വിലയിൽ വൻവ്യത്യാസം ഉണ്ടായിട്ടും നെഗോസിയേഷൻപോലും ചെയ്യാതെ തുക നൽകി. കൂടാതെ 1,88,000/- രൂപ ചെലവാക്കി വാങ്ങിയ ഹൈസ്പീഡ് സ്കാനർ നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ല. ഈ വിഷയങ്ങളിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/21-10-2017)-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

| Item | എണ്ണം | നിരക്ക്, തുക |
|---|---|---|
| M/s Shan shani computers | 3 | 3x41,500=1,24,500 |
| High Speed Scanner | 1 | 1,88,000 |

ആയതിനാൽ ഈയിനത്തിലുള്ള 3,12,500/- രൂപയുടെ ചെലവ് (ബിൽ നം.29/31.3.17 -20,000/-; ചെലാൻനം.27691/31.3.17 തുക 2,92,500) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-12 അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകാൻ തുക പിൻവലിച്ചു

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ബൈക്ക്, സ്കൂട്ടർ വാങ്ങൽ പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 194/17) ആനുകൂല്യം നൽകാൻ ബിൽനമ്പർ 26/28-3-2017 പ്രകാരം 18,060/-രൂപ പിൻവലിച്ച് നൽകിയെങ്കിലും നാളിതുവരെ ബൈക്ക് ലഭിച്ചിട്ടില്ല. പ്രസ്തുത എസ്.റ്റി പദ്ധതിയുടെ ഗുണഭോക്താവായ ശ്രീ.സുരേഷ്, ശ്രീനിലയം എന്ന വ്യക്തി മുന്നോക്കവിഭാഗത്തിൽപ്പെട്ടതാണെന്നുള്ള തഹസീൽദാരുടെ സർട്ടിഫിക്കറ്റ് ആണ് ലഭ്യമാക്കിയിരിക്കുന്നത്.

ആയത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ തുക കൈരളി മോട്ടോഴ്സിന്റെ ഇൻവോയ്സ് പ്രകാരമാണ് ടി തുക മാറിയിരിക്കുന്നത്. തുക മേൽ ഗുണഭോക്താവ് കൈപ്പറ്റിയ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ വിഷയത്തിൻമേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/19-10-2017-ന് മറുപടിയായി ടിയാൾ നിരവധി വർഷങ്ങളായി പട്ടികവർഗ്ഗത്തിനുള്ള ആനുകൂല്യം കൈപ്പറ്റുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്. ആയത് അംഗീകരിക്കാനാവില്ല. ട്രഷറിയിൽനിന്നും ടി തുക ആവശ്യപ്പെട്ട ബാങ്ക് അക്കൌണ്ടിലേക്ക് മാറ്റി നൽകാൻ കഴിയാതെ ട്രഷറിയുടെ സസ്പെൻസ് അക്കൗണ്ടിൽതന്നെ ക്രഡിറ്റ് ചെയ്തിരിക്കുകയാണെന്നറിയിച്ചിട്ടുണ്ട്. അർഹതയില്ലാത്ത ഗുണഭോക്താവിനായി ബിൽപ്രകാരം മാറി ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുന്ന തുക തിരികെ കൺസോളിഡേറ്റ് ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-13 ഡിസ്പോസിബിൾ വോവൻ ബാഗ് നിർമ്മാണം-പരിശീലനം പ്ലാൻഫണ്ടിൽ നിന്നും അധികം തുക ചെലവഴിച്ചു

ഡിസ്പോസിബിൾ വോവൻ ബാഗ് നിർമ്മാണപരിശീലനം-എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 208/17) പ്ലാൻഫണ്ടിൽനിന്നും അധികം തുക ചെലവഴിച്ചു. പ്രസ്തുത പ്രോജക്ടിന്റെ ധനകാര്യവിശകലനപ്രകാരം ആകെ അടങ്കൽ 1,50,000/- രൂപയിൽ

1,35,000/-രൂപ പ്ലാൻഫണ്ടും 15,000/- രൂപ ഗുണഭോക്തൃവിഹിതവും(സ്ഥാപനത്തിൽ ഒടുക്കുന്നത്) ആണ്. മൂന്ന് ഗ്രൂപ്പിൽ നിന്നായി 5,000/-രൂപ നിരക്കിൽ 15,000/-രൂപ ഗുണഭോക്തൃവിഹിതം പിരിച്ചെടുത്തത് 27-2-2017 തീയതിയിലെ 11601106243, 11601106244, 11601106245 നമ്പർ രസീതുപ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. പരിശീലനസ്ഥാപനവുമായി വച്ച കരാർപ്രകാരം മൂന്ന് ഗ്രൂപ്പുകളിലെ മുപ്പത് പേർക്ക് പരിശീലനത്തിനായി 1,35,000/-രൂപ ആണ് വകയിരുത്തിയിരിക്കുന്നത്. എന്നാൽ ബിൽ നമ്പർ 38/28-3-2017 പ്രകാരം 1,35,000/-രൂപ പ്ലാൻഫണ്ട് പിൻവലിച്ചാണ് സ്ഥാപനത്തിന് പ്രതിഫലം നൽകിയിരിക്കുന്നത്. ഗുണഭോക്തൃവിഹിതം ചെലവഴിക്കാതെ മുഴുവൻ തുകയും പ്ലാൻഫണ്ടിൽനിന്നും ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. വികസനഫണ്ടിൽനിന്നും തുക ചെലവഴിക്കേണ്ടിയിരുന്നത് താഴെപ്പറയും പ്രകാരമാണ്.

വികസനഫണ്ട് – 1,35,000/1,50,000 x 1,35,000 = 1,21,500

ഗുണഭോക്തൃവിഹിതം – 15,000/1,50,000 x1,35,000 = 13,500/-

അധികം പിൻവലിച്ച 13,500/-രൂപ തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കിയതിന്റെ രേഖകളും 1,500/-രൂപ തിരികെ മൂന്നു ഗ്രൂപ്പുകൾക്കും നൽകിയ രേഖകളും ഹാജരാക്കേണ്ടതാണ്എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/21/16-17) മറുപടി ലഭ്യമാക്കിയില്ല. ആയത് തിരികെ ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്. തുക സ്ഥാപനം കൈപ്പറ്റിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ നൽകിയ 1,35,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-14 പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങി നൽകൽ- നടപടികൾ ക്രമപ്രകാരമല്ല

പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങി നൽകൽ(പ്രോജക്ട് നമ്പർ 146/17) ,വിദ്യാർത്ഥികൾക്ക് ഫർണീച്ചർ വാങ്ങി നൽകൽ -പട്ടികജാതി (154/17) എന്ന പ്രോജക്ടിനായി താഴെപ്പറയും പ്രകാരം തുക പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|
| 154/17 | 40/28-3-2017 | 4,97,358/- |
| 146/17 | 41/28-3-2017 | 3,97,887/- |

എന്നാൽ ഇതു സംബന്ധിച്ച ടെണ്ടർ ഫയലുകൾ പരിശോധിച്ചതിൽ കാർത്തിക എജൻസീസ്, കുമ്മല്ലൂർ എന്ന സ്ഥാപനം 14% കുറച്ച് രേഖപ്പെടുത്തിയതിനാൽ

പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. എന്നാൽ ടി സ്ഥാപനം സമർപ്പിച്ച ടെണ്ടർ ഫോറവും അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമായില്ല. കുറഞ്ഞനിരക്ക് രേഖപ്പെടുത്തി എന്ന കാരണത്താൽ ടെണ്ടർ നടപടിയിൽനിന്ന് ഒഴിവാക്കാൻ കഴിയില്ല. ടെണ്ടർ ഫയലിൽ ഭാഗ്യഎജൻസീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും എറ്റവും കുറഞ്ഞനിരക്കിൽ ടെണ്ടർ രേഖപ്പെടുത്തിയ ഭാഗ്യ എജൻസീസ് എന്ന സ്ഥാപനം ടെണ്ടർ സമർപ്പിച്ചതായി ടെണ്ടർ അംഗീകരിച്ച കമ്മറ്റി തീരുമാനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭാഗ്യ ഏജൻസീസ് എന്ന സ്ഥാപനം ക്രമപ്രകാരം ടെണ്ടർ നൽകിയെങ്കിലും ആയത് ഉൾപ്പെടുത്താതെ ടെണ്ടർ വിവരം കമ്മിറ്റി അംഗീകാരത്തിനു നൽകി. ഇത് നിർവഹണ ഉദ്യോഗസ്ഥന്റെ നടപടിയിൽ ഉണ്ടായ വീഴ്ചയാണ്. ആയതിന് വകുപ്പുതല നടപടി സ്വീകരിക്കേണ്ടതാണ്. കാർത്തിക എജൻസീസ്,കുമ്മല്ലൂർ എന്ന സ്ഥാപനം സമർപ്പിച്ചതിലും കൂടിയ നിരക്ക് ക്വാട്ടുചെയ്ത ഡി. എൻ.സ്റ്റീൽ എന്ന സ്ഥാപനത്തെ തെരഞ്ഞടുക്കാൻ സെക്രട്ടറി ആവശ്യപ്പെട്ടുവെങ്കിലും ആയത് നിരസിച്ച കമ്മറ്റി ആയതിലും കൂടിയനിരക്ക് രേഖപ്പെടുത്തിയ പ്ലാസാ എന്റർപ്രൈസസിനെ തെരഞ്ഞെടുത്തു. പ്രസ്തുത തീരുമാനത്തിനെതിരെ സെക്രട്ടറിയോ നിർവഹണഉദ്യോഗസ്ഥനോ വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയില്ല. ഭാഗ്യ എജൻസീസുമായി താരതമ്യം ചെയ്യുമ്പോൾ കൂടിയ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം തെരഞ്ഞെടുക്കുകവഴി ഒരു കസേരയ്ക്ക് 400(1290-790)രൂപ നിരക്കിലും ഒരു ടേബിളിന് 900 (2690-1790) രൂപനിരക്കിലും ആകെ 225 മേശയ്ക്കും കസേരയ്ക്കുമായി 2,92,500/-രൂപ അധികചെലവുണ്ടായി. ഇങ്ങനെ തുക നൽകാനുണ്ടായ കാരണം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 13/19-10-2017-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധിക ചെലവുതുക 29,25,000/-രൂപ നിരാകരിക്കുന്നു.

പ്രസ്തുത പദ്ധതിയ്ക്കായി പ്ലാസാ എജൻസീസ് നൽകിയിരിക്കുന്ന ബിൽ സീരിയൽ നമ്പർ തിരുത്തിയ ബില്ലുകൾ ആണ്. (ബിൽ നം 68 എന്നത് തിരുത്തി 9എന്നും, ബിൽ നം 50 എന്നത് തിരുത്തി 10 എന്നും,)ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടപ്പോൾ ആയത് അറിവുള്ളതല്ല എന്ന മറുപടിയാണ് നൽകിയിരിക്കുന്നത്.

പ്രസ്തുത കുട്ടികൾക്ക് സ്കൂൾവഴി ആനുകൂല്യം വിതരണം ചെയ്തതിന്റെ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല. സ്കൂളിൽനിന്നുള്ള പട്ടികജാതി കുട്ടികളുടെ ലിസ്റ്റ് മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. വിതരണവിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഏതെല്ലാം കുട്ടികൾക്ക് മേൽ പ്രോജക്ട് പ്രകാരം ആനുകൂല്യം ലഭിച്ചു എന്ന് ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഈയിനത്തിലുള്ള 6,02,745/-(8,95,245-2,92,500) രൂപയുടെ ചെലവ് ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു. ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-15 സൈക്കിൾ വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ

അസിസ്റ്റൻറ് സെക്രട്ടറി നിർവഹണം നടത്തിയ വിവിധ സൈക്കിൾ വാങ്ങൽ പദ്ധതികൾക്കായി താഴെപ്പറയുംപ്രകാരം തുക ചെലവഴിച്ചു.

| പ്രോജക്റ്റ് പേര്, നമ്പർ | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|
| പത്താംക്ലാസ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ എസ്.സി. 139/17 | 2,00,000/- | 1,73,600/- | 25/28-3-2017 |
| പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ 159/17 | 2,50,000/- | 2,15,380/- | 24/28-3-2017 |
| സൈക്കിൾ വാങ്ങൽ 198/17 | 5,000/- | 4340/- | 23/28-3-2017 |

ഈ മൂന്ന്പ്രോജക്റ്റിനും സമർപ്പിച്ചിരിക്കുന്നത് ലിയോ എജൻസീസിന്റെ ടിൻ നമ്പർ രേഖപ്പെടുത്താത്ത ബില്ലുകളാണ്. ആയതിന്റെ വിതരണവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പത്താംക്ലാസ് വിദ്യാർത്ഥികൾക്ക്സൈക്കിൾ വാങ്ങി നൽകൽ 139/17 എന്ന പദ്ധതിയ്ക്കായി വാങ്ങിയത് 40 പെൺകുട്ടികൾക്കായിട്ടുള്ള സൈക്കിൾ ആണ്. പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകൽ 159/17 എന്ന പ്രോജക്റ്റിനായി സമർപ്പിച്ചിരിക്കുന്ന ബിൽപ്രകാരം വാങ്ങിയത് മുഴുവൻ ആൺകുട്ടികൾക്കായി ഉള്ള സൈക്കിൾ ആണ്. പ്രസ്തുത കുട്ടികൾക്ക് സ്കൂൾവഴി ആനുകൂല്യം വിതരണം ചെയ്തതിന്റെ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

സ്കൂളിൽനിന്നുള്ള പട്ടികജാതി കുട്ടികളുടെ ലിസ്റ്റ് മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. വിതരണ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഏതെല്ലാം കുട്ടികൾക്ക് മേൽ പ്രോജക്റ്റ് പ്രകാരം ആനുകൂല്യം ലഭിച്ചു എന്ന് ബോദ്ധ്യപ്പെടാൻ കഴിഞ്ഞിട്ടില്ല. വിതരണവിവരങ്ങൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഈ വിഷയത്തിൽ

അവ്യക്തത നിലനിൽക്കുന്നു. എസ്.റ്റി. വിഭാഗത്തിനായി സൈക്കിൾ നല്കിയ കുട്ടിയുടെ പേര്,മറ്റു വിവരങ്ങൾ,പ്രഥമ അധ്യാപകന്റെ സാഷ്യപ്പെടുത്തലുകൾ എന്നിവ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/19-10-2017-ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലുള്ള 3,93,320/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ തുടർനടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

## 3-16 <u>നിക്ഷേപപ്രവൃത്തി പൂർത്തിയാക്കിയില്ല</u>

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ കടശ്ശേരി വൃദ്ധപരിപാലനകേന്ദ്രം വയറിംഗ് എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 42/17) 1,21,000/-രൂപ ബിൽ നമ്പർ 28/31-3-2017 പ്രകാരം പിൻവലിച്ച് ട്രഷറി അക്കൌണ്ടിൽ നിക്ഷേപിച്ചിട്ട് 11-5-2017 തീയതിയിൽ ആയത് പിൻവലിച്ച് ചലാനായി ഒടുക്കുവരുത്തി കൊല്ലം കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകി. ആയതിന്റെ പണി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സർട്ടിഫിക്കറ്റും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/21-10-2017 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലുള്ള 1,21,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17 <u>എസ്.സി. നഴ്സറി സ്കൂളിന് ഫർണിച്ചർ -ടെണ്ടർ അംഗീകരിക്കാതെ സാധനങ്ങൾ വാങ്ങി</u>

എസ്.സി. നഴ്സറി സ്കൂളിന് ഫർണിച്ചർ എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 258/17) ഡി.എൻ. സ്റ്റീൽ എന്ന സ്ഥാപനത്തിന്റെ 131/27-3-2017 നമ്പർ ഇൻവോയ്സ് പ്രകാരം 80,638/-രൂപ ബിൽ നമ്പർ 28/28-3-2017പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഷെഡ്യൂളിലോ സ്ഥാപനം സമർപ്പിച്ച ടെണ്ടർഫോമിലോ ആയത് അംഗീകരിച്ച കമ്മറ്റി തീരുമാനത്തിലോ (11-1-2017 II(4)) ഇല്ലാത്ത താഴെപ്പറയുന്ന ഇനങ്ങൾ ബിൽ പ്രകാരം വാങ്ങി തുക നൽകിയിരിക്കുന്നു.

| ഇനം | എണ്ണം | തുക |
|---|---|---|
| പ്രഷർകുക്കർ 3L | 1 | 1,028/- |
| പ്രഷർകുക്കർ 5L | 1 | 1,750/- |
| സ്റ്റീൽ ചരുവംസെറ്റ് | 1 | 1,875/- |

| | | |
|---|---|---|
| സ്റ്റീൽ ഉരുളി സെറ്റ് | 1 | 2,450/- |
| ബജാജ് ഗ്യാസ് സ്റ്റൌ | 1 | 4,700/- |
| നിൽകമൽ ബേബിചെയർ | 25 | 6,625/- |
| ഗ്ലാസ് | 20 | 360 |
| സ്റ്റീൽ കണ്ണാപ്പ | 2 | 80 |
| അലുമിനിയം കലം മീഡിയം | 1 | 980 |
| അലുമിനിയം കലം ചെറുത് | 2 | 1,800 |
| പ്ലാസ്റ്റിക് മഗ്ഗ് | 4 | 160 |
| മോപ്പ് | 1 | 175 |
| ചൂല് | 5 | 400 |
| മാറ്റ് | 10 | 1,600 |
| ഡസ്റ്റ് പാൻ | 1 | 35 |
| റൂഫ് ക്ലീനർ | 1 | 170 |
| ചെയർമാൻ എക്സിക്യൂട്ടീവ് ചെയർ | 2 | 1,500 |
| ടോയലറ്റ് ബ്രഷ് | 3 | 270 |
| ബ്ലാക്ക് ബോർഡ് | 2 | 180 |
| അലുമിനിയം ചരുവം വലുത് | 1 | 600 |
| അലുമിനിയം ചരുവം ചെറുത് | 1 | 280 |

| | | |
|---|---|---|
| സ്റ്റീൽ മഗ്ഗ് | 2 | 320 |
| സ്റ്റീൽ തിരിക | 2 | 250 |
| അലുമിനിയം ചീനചട്ടി | 2 | 560 |
| ലോൺട്രി ബക്കറ്റ് | 2 | 840 |
| ചെയർമാൻ ബക്കറ്റ് 50L | 1 | 470 |
| ചെയർമാൻ ബക്കറ്റ് 25L | 2 | 640 |
| സ്റ്റീൽ പോട്ട്(കുടം) | 1 | 180 |
| സ്റ്റീൽ ജഗ്ഗ് | 2 | 360 |
| റോക്കർ | 2 | 900 |

നിലവിൽ സ്കൂളിൽ ഗ്യാസ് കണക്ഷൻ ഇല്ല. കുക്കർ വിറകടുപ്പിൽ വച്ചാണ് ഉപയോഗിക്കുന്നത്. പ്രാദേശികപരിശോധനയിൽ പുതിയതായി വാങ്ങിയ ബേബി ചെയർ നാളിതുവരെ ഉപയോഗിച്ചിട്ടില്ല. ആവശ്യത്തിലധികം ബേബി ചെയർ ഉണ്ടായിരുന്നതുകൊണ്ടാണ് നാളിതുവരെ ആയത് ഉപയോഗിക്കാതിരിക്കുന്നത് എന്ന് ടീച്ചർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗ്രാമകേന്ദ്രത്തിന്റെ ഫർണീച്ചറും പുതിയതായി വാങ്ങിയ 100 വലിയ കസേരകളും മുറിയിൽ സൂക്ഷിക്കുന്നതിനാൽ നിലവിൽ കുട്ടികൾക്ക് ഇരിക്കാൻ സ്ഥലമില്ലാത്ത അവസ്ഥയാണ്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. ആയതിനാൽ കമ്മറ്റി തീരുമാനമില്ലാതെ വാങ്ങിയ സാധനങ്ങളുടെ വിലയായ 31,538/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഉപയോഗിക്കാതെയും സ്റ്റോക്കിലെടുക്കാതെയും സൂക്ഷിച്ചിട്ടുള്ള സാധനങ്ങൾക്കായി ചെലവഴിച്ച 49,600/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-18 ഒരേ സ്ഥാപനത്തിന് ഒരേ സാധനത്തിന് രണ്ടു വില

2016-17 സാമ്പത്തികവർഷം നടത്തിയ രണ്ടു പ്രോജക്ടുകളിലേക്ക് ടെണ്ടർ ക്ഷണിച്ചപ്പോൾ ഒരേ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറിനായി ഡി.എൻ സ്റ്റീൽസ്

എന്ന സ്ഥാപനത്തിന്റെ വിവിധ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച് തുക നൽകി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് പേര്, നമ്പർ | സ്പെസിഫിക്കേഷൻ | ബിൽ തുക |
|---|---|---|
| പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, ഹൈസ്പീഡ് സ്കാനർ | AECRBARNDED DESKTOP CORE 13 6TH GN4GBITBWIN 10 | 41,500/-<br>ചെക്ക് നം. 027691/ 31.3.17<br>ബിൽ നം. 29/31.3.17 |
| ഘടക സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ | ” | 49,200/-<br>ബിൽ നം. 980/29.3.17 |

ഒരേ സ്പെസിഫിക്കേഷൻ ഉള്ള സാധനത്തിന് ഒരുമിച്ച് ടെണ്ടർ വിളിക്കുന്നതിനു പകരം രണ്ടായി വിളിക്കുകയും ആയതിന് രണ്ടുനിരക്ക് ലഭിക്കുകയും ചെയ്തപ്പോൾ നെഗോസിയേഷൻ പോലും നടത്താതെ തുക നൽകിയത് അംഗീകരിക്കാനാവില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/21-10-2017) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക 7,700/- രൂപ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-19 ഗുണഭോക്തൃസമിതികൾ വഴി നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

2016-17 സാമ്പത്തികവർഷം നടത്തിയിട്ടുള്ള മിക്ക മരാമത്തുപ്രവൃത്തികളുടേയും നിർവ്വഹണം ഗുണഭോക്തൃസമിതിവഴിയാണ് നടത്തിയിട്ടുള്ളത്. ടി പ്രവൃത്തികളിൽ സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗരേഖയിലെ പല നിർദ്ദേശങ്ങളും പാലിക്കുന്നില്ല. കൂടാതെ കേരളാ പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 13-ൽ ഗുണഭോക്തൃസമിതിയുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇവയിൽ മിക്ക നിർദ്ദേശങ്ങളും പാലിക്കുന്നില്ല. വിശദവിവരം താഴെക്കൊടുക്കുന്നു.

എ)പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും ഗുണഭോക്തൃസമിതി ചെയർമാന്റേയും കൺവീനറുടേയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിൽ

കൂടി മാത്രമേ നടത്താൻ പാടുള്ളൂ. എന്നാൽ ഇപ്രകാരം ജോയിന്റ് അക്കൗണ്ട് ആരംഭിച്ച് പണമിടപാടുകൾ നടത്തുന്നില്ല.

ബി) മസ്റ്റർ റോൾ ക്രമപ്രകാരം തയ്യാറാക്കിയിട്ടില്ല

ഉദാ-(1)കുരിശ്ശടി-കാഞ്ഞിരംമല റോഡ് കോൺക്രീറ്റിംഗ്, 226/17 (വാർഡ്-8) പ്രവൃത്തിയുടെ ചെലവുരേഖകൾ പ്രകാരം 12 തൊഴിലാളികൾക്കായി 54,252 രൂപ വേതനം നൽകിയതായി മസ്ററർ റോൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ മസ്റ്റർ റോളിൽ തൊഴിലാളികളുടെ പേരും ഒപ്പും മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. മൂന്ന് തൊഴിലാളികളുടെ പേര് ഒപ്പ് ഇവ രേഖപ്പെടുത്തിയിട്ടില്ല. (വേതനം 6x642x2 + 6x486=10,620)

ഉദാ- (2)പഞ്ചായത്ത് ഓഫീസ്- നമ്പർ അംഗൻവാടി ഇടറോഡ് കോൺക്രീറ്റിംഗ്, 129/17(വാർഡ്-17)

പ്രവൃത്തിയുടെ ചെലവുരേഖകൾപ്രകാരം 6 തൊഴിലാളികൾക്കായി 17,300 രൂപ വേതനം നൽകിയതായി മസ്റ്റർ റോൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ മസ്റ്റർ റോളിൽ തൊഴിലാളികളുടെ പേര് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
സി) അന്തിമ ബിൽ ലഭിച്ചതിനുശേഷം ഗുണഭോക്താക്കളുടെ യോഗംചേർന്ന് വരവു-ചെലവു കണക്കുകൾ അവതരിപ്പിക്കണം. ആവശ്യമായ വിശദീകരണങ്ങൾ നല്കണം. കമ്മിറ്റി പിരിച്ചുവിട്ട് ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കണം. ഇപ്രകാരം ചെയ്തുവരുന്നില്ല.

ഡി) വിവിധ പ്രവൃത്തികൾ ഒരേ കൺവീനർ മുഖേന നടപ്പാക്കുന്നു.

സുതാര്യമായും ബിനാമി ഇടപാടുകൾക്ക് ഇടവരുത്താതെയും നിർവ്വഹണം നടത്തുന്നതിനായുള്ള സർക്കാർ നിർദ്ദേശങ്ങൾ ഗുണഭോക്തൃസമിതിവഴി നിർവ്വഹണം നടത്തുന്ന എല്ലാ മരാമത്തുപ്രവൃത്തികളിലും കൃത്യമായി പാലിക്കേണ്ടതാണ്. എന്നാൽ പല പ്രവൃത്തികളിലും ഒരേ വ്യക്തിതന്നെ കൺവീനറായി പ്രവൃത്തി നടപ്പാക്കിയതായി കാണുന്നു.

ഉദാ-(1)വാർഡ് 11 നിരപ്പിൽ-ചാവർകാവ് റോഡ് കോൺക്രീറ്റിംഗ്, (പ്രോജക്ട് നം-231/17), കണ്ടയം -മുരങ്ങോട് റോഡ് കോൺക്രീറ്റിംഗ് (പ്രോജക്ട് നം-279/17), എന്നീ രണ്ട് പ്രവൃത്തികളുടെയും കൺവീനർ ശ്രീ.വിനുകുമാർ.വി, ശ്രീവിലാസം, ഇളമ്പൽ എന്ന വ്യക്തിയാണ്.

മേൽ വിഷയത്തിൻമേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-20 ഐ.എ.വൈ.ധനസഹായം രേഖകൾ ലഭ്യമാക്കിയിട്ടില്ല

ഐ.എ.വൈ.ധനസഹായം എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 136/17)

ബിൽ നമ്പർ 7/30-1-2017 പ്രകാരം 2,40,000/- (12 x 20,000/-) രൂപ പിൻവലിച്ച് പത്തനാപുരം ബ്ലോക്കുപഞ്ചായത്ത് സെക്രട്ടറിക്ക് നല്കിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/20-10-2017-ന് മറുപടിയായി ആയത് സമർപ്പിക്കുന്നതാണ് എന്നാണ് അറിയിച്ചിരിക്കുന്നത്. ആയതിനാൽ ഈയിനത്തിൽ ചെലവാക്കിയ 2,40,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-21 പട്ടികജാതിയുവതികൾക്ക് വിവാഹധനസഹായം-രേഖകൾ ഹാജരാക്കിയില്ല

പട്ടികജാതിയുവതികൾക്ക് വിവാഹധനസഹായം (പ്രോജക്ട് നമ്പർ 149/17) എന്ന പ്രോജക്ടിലെ ഗുണഭോക്താവായ ശ്രീമതി വത്സല, പുലിഞ്ഞീമൂട്ടിൽ എന്ന ഗുണഭോക്താവ് വിവാഹം നടക്കാഞ്ഞതിനാൽ കൈപ്പറ്റിയ ആനുകൂല്യം 1-7-2017 തീയതിലെ 117010101388 നമ്പർ രസീതുപ്രകാരം തിരികെ പലിശസഹിതം പഞ്ചായത്തുഫണ്ടിൽ അടച്ചിട്ടുണ്ട്. ആയത് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

മറ്റൊരു ഗുണഭോക്താവായ ശ്രീമതി.സുജാത, മുകളുവിളവീട് എന്നയാളുടെ വിവാഹം രജിസ്റ്റർ ചെയ്തതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/19-10-2017 ന് മറുപടി ആയി ആയത് ഹാജരാക്കുന്നതാണെന്നാണ് അറിയിച്ചിരിക്കുന്നത്. ആയതിനാൽ ഈയിനത്തിൽ ചെലവാക്കിയ 25,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-22 താന്നിത്തടം ആഫീസ് റോഡ്- വാർഡ് X1-2014-15വർഷം ആരിഭിച്ച പ്രവൃത്തി പൂർത്തീകരിച്ചത് 2016-17-ൽ

പ്രോജക്ട്-നം-77/17(142/15)

മെയിന്റനൻസ് ഗ്രാന്റ്(റോഡ്)-1,00,000

റ്റി.എസ്.നം- 387/AEE/LSGD/14-15/dtd 22-9-14

Ag.No-100/AE/LSGD/VP/14-15 dtd31.3.15

കൺവീനർ-ശ്രീ.ഭാർഗ്ഗവൻ

എംബുക്ക്-95/16-17

ബിൽ നം തുക—98,236/-(83/31-3-2017

31.3.2015ൽ കരാർവച്ച് ഏറ്റെടുത്ത പ്രവൃത്തി പൂർത്തീകരിച്ചത് 28-3-2017 ലാണ്. എന്നാൽ പ്രവൃത്തി നിർവ്വഹണവേളയിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ട് ഉണ്ടായതായി രേഖപ്പെടുത്തിക്കാണുന്നില്ല. എന്നാൽ കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് നിയമാനുസൃത ഫൈൻ ഈടാക്കി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും ഫൈൻ ഇനത്തിൽ ഈടാക്കുന്നതിനുള്ള തുക ഈടാക്കേണ്ടതുമാണ്.

## 3-23 മരുന്നു ലഭ്യമായിട്ടില്ല

ഗ്രാമപഞ്ചായത്തിലെ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ വിവിധ മരുന്നു വാങ്ങൽ പ്രോജക്ടിനായി തുക നൽകിയെങ്കിലും നാളിതുവരെ മരുന്നു പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണോ ദ്യോഗസ്ഥൻ | പ്രോജക്ട് നമ്പർ | മരുന്നിനു നൽകിയ തുക | ബിൽ നമ്പർ | മരുന്ന് ലഭിച്ചത് | മരുന്ന് ലഭിക്കാനുള്ളത് |
|---|---|---|---|---|---|---|
| 1) | സെക്രട്ടറി | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ 52/17 | 5,50,000/- | 9/ 28-2-2017 | 3,97,098/- | 1,52,902/- |
| 2) | മെഡിക്കൽ ഓഫീസർ ഹോമിയോ | മരുന്ന് വാങ്ങൽ | 1,00,000/- | 1/2016-17 10-3-2017 | | 1,00,000/- |
| 3) | മെഡിക്കൽ ഓഫീസർ പി.എച്ച്. സി | പി.എച്ച്.സി.യ്ക്ക് മരുന്നുവാങ്ങൽ | 2,00,000/- | 11/ 21-3-2017 | 141847/- | 58,153/- |
| | | പാലിയേറ്റീവ് കെയർ മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ | 3,00,000/- (2,04,293+ 95,707) | 10/ 21-3-2017 | 96,196/- 82,228/- | 1,08,097/- 13,479/- |
| | ആകെ | | | | | 495316/- |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 3, 4, 5/11-10-17) ക്ക് മറുപടിയായി ഹോമിയോ, ആയുർവേദം എന്നീ മെഡിക്കൽ ഓഫീസർമാർ മരുന്ന് ലഭിക്കാനായി കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കി. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി മറുപടി ലഭ്യമാക്കിട്ടില്ല. ആയതിനാൽ ലഭ്യമാക്കാനുള്ള മരുന്നിന്റെ വില 4,95,316/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-24 ഒ.ഡി.എഫ് കക്കൂസ് നിർമ്മാണം-ചെലവുരേഖകൾ ലഭ്യമാക്കിയില്ല

(1) ഒ.ഡി.എഫ് കക്കൂസ് നിർമ്മാണം എന്ന പ്രോജക്ടിനായി തനതുഫണ്ട് പിൻവലിച്ചതിന്റെ ചെലവുവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. 14-10-2016 തീയതിയിലെ 4271886 നമ്പർ ചെക്ക് പ്രകാരം 1,54,000/-രൂപ അസിസ്റ്റന്റ് സെക്രട്ടറി കൈപ്പറ്റിയിട്ടുണ്ടെങ്കിലും ആയതിന്റെ ചെലവുവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഒ.ഡി.എഫ് കക്കൂസ് നിർമ്മാണം എന്ന പ്രോജക്ടുവഴി ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/19-10-2017 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 1,54,000/- തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(2) കക്കൂസ് നിർമ്മാണം എന്ന സ്പിൽ ഓവർ പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 163/17) ബിൽ നമ്പർ 20/28-3-2017 പ്രകാരം 6,800/-പിൻവലിച്ച് രണ്ടു ഗുണഭോക്താക്കൾക്ക് 3,400/-രൂപ വീതം നൽകുകയുണ്ടായി. ടി ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റിയില്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/19-10-2017 ന് മറുപടിയായി ഇനി നൽകാനുള്ളത് ശുചിത്വമിഷൻ വിഹിതമാണെന്നും ആയത് ലഭ്യമാകുന്നമുറയ്ക്ക് ബാക്കി തുക നൽകുന്നതാണെന്നുമാണ് അറിയിച്ചിട്ടുള്ളത് . എന്നാൽ നാളിതുവരെ തുക ആവശ്യപ്പെട്ട് ശുചിത്വമിഷന് കത്ത് നൽകിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവായ 6,800/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ തുടർനടപടി സ്വീകരിച്ച് ബാക്കി തുക നൽകി വിവരം അറിയിക്കേണ്ടതാണ്.

## 3-25 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2016-17 സാമ്പത്തികവർഷത്തിൽ വിവിധ നിർവഹണ ഉദ്യോഗസ്ഥർ വിവിധ ആവശ്യങ്ങൾക്കായി തുകകൾ ഡെപ്പോസിറ്റായി നൽകിയെങ്കിലും ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണോദ്യോഗസ്ഥൻ | പദ്ധതിയുടെ പേര് | നൽകിയ തുക | ബിൽ നമ്പർ, തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 1) | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | വികലാംഗർക്ക് മുചക്രം-ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ (200/17) | 3,00,000/- | 15/31-3-2017 | കൊല്ലം ജില്ലാപഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| 2) | എച്ച്. എം | എസ്.എസ്.എ. വിഹിതം (134/17) | 9,00,000/- | 1/24-12-16 | പ്രോജക്ട് ഡയറക്ടർ എസ്.എസ്.എ, കൊല്ലം |
| 3) | വെറ്റിനറി സർജൻ | കന്നുകുട്ടി പരിപാലനം (186/17 ) | 1,56,250/- | 7/2016-17/ 20-3-2017 | അസിസ്റ്റന്റ് ഡയറക്ടർ കാഫ് ഫീൽഡ് |

ആയതിനാൽ പ്രസ്തുത ചെലവുതുക 13,56,250/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-26 സെർവർ കമ്പ്യൂട്ടറിനായി അധിക തുക നൽകൽ-ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല

സെർവർ കമ്പ്യൂട്ടറിനായി അധിക തുക നൽകൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 36/17 ) വികസനഫണ്ട് പൊതുവിഭാഗത്തിൽനിന്നും ബിൽ നമ്പർ 23/31-3-2017 പ്രകാരം പിൻവലിച്ച 27,290/- രൂപ കെൽട്രോണിന് നൽകിയിരിക്കുന്നു. 2014-15 വാങ്ങിയ സർവർ കമ്പ്യൂട്ടറിനായി നൽകിയ തുകയുടെ ബാക്കി നൽകാനാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. സെർവർ കമ്പ്യൂട്ടറിനായി 2014-15 വർഷം ആകെ തുക എത്ര ആയിരുന്നുവെന്നും ആയതിൽ എത്ര തുക നൽകിയെന്നും തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 19/21-10-2017) ക്ക് മറുപടിയും രേഖകളും ലഭ്യമാക്കിയില്ല.ആയതിനാൽ 27,290/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-27 തെരുവുവിളക്ക് മെയിന്റനൻസ്-ഉപകരണങ്ങൾ വാങ്ങൽ അടാട്ട് മോഡൽ ചെലവു വിവരങ്ങൾ ലഭ്യമാക്കിയില്ല

തെരുവുവിളക്ക് മെയിന്റനൻസ്-ഉപകരണങ്ങൾ വാങ്ങൽ അടാട്ട് മോഡൽ എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 41/17) ഇൻവോയ്സ് നമ്പർ STL 109/1-8-2016 പ്രകാരം നൽകിയ സാധനങ്ങളുടെ വിലയായ 4,31,241/- രൂപയിൽ 2,8,733/-രൂപ ബിൽ നമ്പർ 8/30-11-16 പ്രകാരം നൽകി. ബാക്കി തുക നൽകിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത പ്രോജക്ടിന്റെ തനതുഫണ്ട് ചെലവായ 1,88,408/-രൂപയുടെ ചെലവുവിവരങ്ങൾ (വേതനവിവരങ്ങൾ) ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/21-10-2017 ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലുള്ള 1,88,408/-രൂപയുടെ ചെലവു ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ വിവരങ്ങളും ചെലവുരേഖകളും ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-28 പട്ടികജാതിയിൽപ്പെട്ട പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ധനസഹായം-പഠനരേഖകൾ ഹാജരാക്കിയിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതിയിൽപ്പെട്ട പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ധനസഹായം എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 162/17) ബിൽ നമ്പർ 17/28-3-2017പ്രകാരം പിൻവലിച്ച് 25,000/-രൂപ നൽകിയ വിദ്യാർത്ഥിയായ ശ്രീമതി ആര്യലക്ഷ്മി.വി. 2016-17 വിദ്യാലയ വർഷം പഠനം നടത്തിയിരുന്നതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/19-10-2017 ന് മറുപടിയായി ആയത് ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ ടിയിനത്തിലുള്ള 25,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 2016-17 വിദ്യാലയവർഷം പഠനം നടത്തിയിരുന്നതിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-29 കൈപ്പറ്റ് വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രോജക്ടുകൾക്കായി തുക നൽകിയെങ്കിലും ആയതിന്റെ കൈപ്പറ്റ് വിനിയോഗരേഖകൾ ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് പേര്, നമ്പർ | ബിൽ നമ്പർ | തുക | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| ഐ.കെ.എമ്മിന് വിഹിതം നൽകൽ ( 27/17) | 31/31-3-2017 | 74,414/- | ഐ.കെ.എമ്മം |
| സാമൂഹ്യസുരക്ഷാമിഷന് വിഹിതം നൽകൽ ( 303/17) | 10/17-3-2017 | 3,00,000/- | സാമൂഹ്യസുരക്ഷാ മിഷൻ |

ആയതിന്റെ കൈപ്പറ്റ്, വിനിയോഗം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/21-10-2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവായ 3,74,414/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-30 ശിങ്കാരിമേളം പരിശീലനം -ചെലവ് നടത്താൻ ഫണ്ടില്ലാതെ പോയി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ശിങ്കാരിമേളം പരിശീലനം എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ 174/17) വാങ്ങിയ സാധനങ്ങളുടെ വിലയായ 99,500/-രൂപയും പരിശീലനചാർജ്ജായി 48,000/-രൂപയും പരിശീലനം നൽകിയ

സ്ഥാപനം നൽകാൻ ആവശ്യപ്പെട്ടുവെങ്കിലും ചെലവു നടന്നില്ല. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/21-10-2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ ആവശ്യത്തിന് വകയിരുത്തിയിരുന്ന എസ്.പി ഫണ്ട് ഇല്ലാതിരുന്നതിനാലാണ് തുക നൽകാൻ കഴിയാതെ പോയത് എന്ന് വാക്കാൽ അറിയിച്ചിട്ടുണ്ട്.

## 3-31 തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തിയിട്ടില്ല

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച സംയുക്തപരിശോധന കെ.എസ്.ഇ.ബി-യുമായി ചേർന്ന് നടത്തിയിട്ടില്ല.തെരുവുവിളക്ക് രജിസ്റ്ററിൽ ഓർഡിനറി ബൾബുകളുടെ എണ്ണം താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

1x40W - 700 എണ്ണം

1x60W - 4 എണ്ണം

1x100W - 75 എണ്ണം

AMC നൽകിയപ്പോൾ ഓർഡിനറി ബൾബുകളെ ഉൾപ്പെടുത്തിയാണോ നൽകിയത്, അവസാനമായി ഓർഡിനറി ബൾബുകൾ വാങ്ങിയ തീയതിയും ഓരോ വാർഡിലും എത്ര ഓർഡിനറി ബൾബുകൾ ഉപയോഗിക്കുന്നുണ്ട് എന്നതു സംബന്ധിച്ച വിവരവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/20-10-17) മറുപടി ലഭ്യമാക്കിയില്ല. 2016-2017 ലെ വൗച്ചർ പരിശോധിച്ചതിൽ വൈദ്യുതിചാർജ് ഇനത്തിൽ പ്രതിമാസം 1,02,041രൂപക്രമത്തിൽ ഒടുക്കുവരുത്തുന്നതായി കാണുന്നു. തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള എണ്ണം സംബന്ധിച്ച വിവരം കെ.എസ്.ഇ.ബിയിൽ നിന്നും ലഭ്യമായത് ഹാജരാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(15/20-10-17) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച സംയുക്ത പരിശോധന കെ.എസ്.ഇ.ബി-യുമായി ചേർന്ന് അടിയന്തിരമായി നടത്തേണ്ടതും, ഉപഭോഗം അനുസരിച്ചുള്ള വൈദ്യുതചാർജ്ജുമാത്രം ഒടുക്കി പാഴ്ചെലവ് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-32 കിണർനിർമ്മാണം ആദ്യഗഡു കൈപ്പറ്റിയെങ്കിലും പണി പൂർത്തിയാക്കിയില്ല

കിണർ നിർമ്മാണം എന്ന പ്രോജക്ടിനായി താഴെപ്പറയുന്ന വ്യക്തികൾക്ക് ആദ്യഗഡു നൽകിയെങ്കിലും പണി പൂർത്തിയാക്കിയില്ല.

| പ്രോജക്ട് പേര്, | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|

| | | |
|---|---|---|
| നമ്പർ | | |
| കിണർനിർമ്മാണം (158/17) | ശ്രീമതി.ദീപ, അജിതാഭവനം | 7,000/- |
| ” | ശ്രീമതി.ശാരദ, ചരുവിള മേലതിൽ | 7,000/- |
| ” | ശ്രീമതി.മിനി, സാവിത്രി വിലാസം | 7,000/- |
| പുതിയ തുറന്ന കിണർ (137/17) | ശ്രീ.കൃഷ്ണൻകുട്ടി, മുകളുവിളവീട് | 10,000/- |

പണി പൂർത്തിയാക്കി ബാക്കി തുക നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2017-18 വർഷം ഇവർക്ക് തുക നൽകിയിട്ടുണ്ടെന്നും രേഖകൾ പിന്നീട് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിലെ ചെലവായ 31,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-33 പഞ്ചായത്തിലെ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച സംയുക്തപരിശോധന പരിശോധന നടത്തിയിട്ടില്ല

2016 -2017 ലെ വൗച്ചർ പരിശോധിച്ചതിൽ നിന്നും വെള്ളക്കരമിനത്തിൽ പ്രതിമാസം 14,875 രൂപ ഒടുക്കിയിട്ടുള്ളതായി കാണുന്നു. രജിസ്റ്റർപ്രകാരം പഞ്ചായത്തിൽ 34 ടാപ്പുകൾ ഉപയോഗക്ഷമമായിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച സംയുക്തപരിശോധന വാട്ടർ അതോറിറ്റിയുമായി ചേർന്ന് നടത്തിയിട്ടില്ല. ടാപ്പുകളുടെ വാർഡ് തിരിച്ചുള്ള എണ്ണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(15/20-10-17) മറുപടി ലഭ്യമാക്കിയില്ല. ഓരോ വാർഡിലും എത്ര പൈപ്പുകൾ ഉപയോഗക്ഷമമായിട്ടുണ്ട് എന്നതു സംബന്ധിച്ച പരിശോധന വാട്ടർഅതോറിറ്റിയുമായി ചേർന്ന് നടത്തി പൈപ്പുകൾ ഉപയോഗ്യമാക്കുന്നതിനും അതനുസരിച്ചുള്ള കരം ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 30,000/- | സമഗ്ര നെൽകൃഷി വികസനം | 30,000/- | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 1,50,000/- | ഭിന്നശേഷി യുള്ളവർക്ക് സ്കോളർഷിപ്പ് | 1,43,403/- | 6,597/- |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,50,000/- | ഭിന്നശേഷി യുള്ളവർക്ക് സ്കോളർഷിപ്പ് | 1,43,403/- | 6,597/- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റിംഗ് ഷിഫ്റ്റിംഗ് | 025445/ 23-9-2016 | 43,796 | 43,796 | 0 |
| | | 9483051/ 8-2-2017 | 10,183 | 10,183 | 0 |
| | | 1308230 /8-2-2017 | 1,01,494 | 1,01,494 | 0 |
| | | 1308237/ 13-3-2017 | 300 | 300 | 0 |
| | | 1308238/ 13-3-2017 | 56,896 | 56,896 | 0 |
| | | 1308240/ 13-7-2017 | 11,557 | 11557 | 0 |
| പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ ഡിവിഷൻ | പകൽ പരിപാലന കേന്ദ്രം വയറിംഗ് | 28/ 31-3-2017 | 1,21,000/- | ० | 1,21,000/- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണപദ്ധതി | 316/2010 ത.സ്വ.ഭ.വ തീയതി | 1,58,00,000 | 28,13,944 | 17,00,000 | 0 | 11,13,944 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,000/- |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | - |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഷെയർ സർട്ടിഫിക്കേറ്റ് | 1,000/- |
| ആകെ | 1000/- |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 13,266/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | പ്പേരും | |
| 2005-06 | 3(2) | 358 | സെക്രട്ടറി,<br>തെന്മല<br>ഗ്രാമപഞ്ചായത്ത് | 11601400005/<br>12-5-2016 |
| 2005-06 | 3(20) | 98 | ശ്രീ.ഗോപാലകൃഷ്ണൻ,<br>ഹെഡ്ക്ലാർക്ക്,<br>പവിത്രേശ്വരം<br>ഗ്രാമപഞ്ചായത്ത് | 11601100941/<br>13-5-2016 |
| 2013-14&<br>2014-15 | 2(2) | 12,810 | ശ്രീ.വിശ്വനാഥൻ | 11601104118/<br>7-11-2016 |

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,95,84,583 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,79,61,187 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4,38,284 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 45,67,243 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 54,056 | ശ്രീ.ടി.എൻ.ഭദ്രൻ സെക്രട്ടറി |
| 3-6 | | 50,390 | ശ്രീ.ടി.എൻ.ഭദ്രൻ സെക്രട്ടറി |

| | | | |
|---|---|---|---|
| 3-7 | | 2,100 | ശ്രീ.ടി.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-14 | | 2,92,500 | ശ്രീ.ടി.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-17 | | 31,538 | ശ്രീ.ടി.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-18 | | 7,700 | ശ്രീ.ടി.എൻ.ഭദ്രൻ സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 29,600 | ശ്രീ.ടി.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-11 | 3,12,500 | ശ്രീ.ടി.എൻ.ഭദ്രൻ സെക്രട്ടറി |
| 3-13 | 1,35,000/- | ശ്രീ.ടി.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-14 | 6,02,745 | ശ്രീ.ടി.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-15 | 3,93,320 | ശ്രീ.ടി.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-16 | 1,21,000 | ശ്രീ.ടി.എൻ.ഭദ്രൻ സെക്രട്ടറി |
| 3-17 | 49,600 | ശ്രീ.ടി.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-20 | 2,40,000 | ശ്രീ.ടി.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-21 | 25,000 | ശ്രീ.ടി.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-23 | 2,15,587 | ശ്രീ.ടി.എൻ.ഭദ്രൻ സെക്രട്ടറി |
| | 1,00,000 | ഡോ.ബീനാകുമാരി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| | 1,79,729 | ഡോ.റാണാ.ബി.മോദി, മെഡിക്കൽഓഫീസർ, പി.എച്ച്.സി |
| 3-24 | 1,54,000 | ശ്രീ.ടി.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി |
| | 6,800 | ശ്രീ.ടി.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-25 | 3,00,000 | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| | 9,00,000 | ഹെഡ്മിസ്ട്രസ്സ് |
| | 1,56,250 | ഡോ.ഉഷ.കെ.ഷാനി,വെറ്റിനറി സർജൻ |
| 3-26 | 27,290 | ശ്രീ.ടി.എൻ.ഭദ്രൻ സെക്രട്ടറി |

| | | |
|---|---|---|
| 3-27 | 1,88,408 | ശ്രീ.ടി.എൻ.ഭദ്രൻ സെക്രട്ടറി |
| 3-28 | 25,000 | ശ്രീ.ടി.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-29 | 3,74,414 | ശ്രീ.ടി.എൻ.ഭദ്രൻ സെക്രട്ടറി |
| 3-32 | 31,000 | ശ്രീ.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തര- വാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.റ്റി.എൻ.ഭദ്രൻ സെക്രട്ടറി | സെക്രട്ടറി, വിളക്കുടി ഗ്രാമ പഞ്ചായത്ത് | സിന്ധു ഭവൻ , പവിത്രേശ്വരം പി.ഒ , പുത്തൂർ |
| ശ്രീ.ടി.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി | | മാവിളവടക്കതിൽ വീട്, താഴത്തുവടക്ക്, പട്ടാഴി |

## **4-9** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| | | |
| 1996-97 | എൽ.എഫ്.ക്യൂ.പി.7/1188/14 dt.11.06.2014 | |
| 1997-98 | എൽ എഫ്.ക്യൂ.പി.7/1188/14 dt.11.06.2014 | |
| 1998-99 | എൽ.എഫ്.ക്യൂ.പി.7/1188/14 dt.11.06.2014 | |
| 1999-00 | എൽ.എഫ്.ക്യൂ.പി.7/1188/14 dt.11.06.2014 | |
| 2000-01 | എൽ.എഫ്.ക്യൂ.പി.7/1188/14 dt.11.06.2014 | |
| 2001-02 | എൽ.എഫ്.ക്യൂ.പി.7/1188/14 dt.11.06.2014 | |
| 2002-03 | എൽ.എഫ്.ക്യൂ.പി.7/1188/14 dt.11.06.2014 | |
| 2003-04 | എൽ.എഫ്.ക്യൂ.പി.7/1188/14 dt.11.06.2014 | |
| 2004-05 | എൽ.എഫ്.ക്യൂ.പി.7/1188/14 dt.11.06.2014 | |
| 2005-06 | എൽ.എഫ്.ക്യൂ.പി 7/1188/14(1) dt.11.06.2014 | |
| 2006-07 | എൽ. എഫ്.ക്യൂ.പി.7/1188/14(2) dt.11.06.2014 | |
| 2007-08 | എൽ. എഫ്.ക്യൂ.പി.7/1188/14(3) dt.11.06.2014 | |
| 2008-09 | എൽ. എഫ്.ക്യൂ.പി.7/1188/14(4) dt.11.06.2014 | |
| 2009-10 | എൽ. എഫ്.ക്യൂ.പി.7/1188/14(5) dt.11.06.2014 | |

| | | |
|---|---|---|
| 2010-11 | എൽ. എഫ്.ക്യൂ.പി.7/1188/14(6) dt.11.06.2014 | |
| 2011-12<br>2012-13 | എൽ. എഫ്.ക്യൂ.പി.7/420/14 dt.05.04.2014 | |
| 2013-14<br>2014-15 | കെ.എസ്.എ.കെ.എൽ.എം.പി 7/784/2016/dt 07-06-2016 | |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി 7/1844 /2016/തീയതി.23.03.2017 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കൊല്ലം.

## 4-10

## സാക്ഷ്യപത്രം-2016-17

കെ.എസ്.എ. കെ.എൽ.എം.പി-9/1916 2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –12/12/2017

സാക്ഷ്യപത്രം 2016-2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷികധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.